മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—56. പ്രതികൂലിക്കുന്നവർ—36. നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

VI. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, "ഇപ്പോൾത്തന്നെ ജലക്ഷാമം അനുഭവിക്കുന്ന പമ്പ-അച്ചൻകോവിൽ നദികളെ പൈപ്പാർ ബേസിനുമായി ബന്ധിപ്പിക്കണമെന്നുള്ള നാഷണൽ ഡെവലപ്പ്മെന്റ് ഏജൻസിയുടെ നിർദ്ദേശം കേരള സംസ്ഥാനത്തിന് സ്വീകരിക്കാൻ സാദ്ധ്യമല്ല. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാടും വളരെ ഗൗരവമായിട്ടേ കാണാൻ സാധ്യമാകൂ. അതീവ ഗൗരവതരമായ ഈ വിഷയം സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. Deputy Speaker: Are you speaking?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ അവസാനം സംസാരിക്കാം. മുവറിനുള്ള ടൈം ഞാൻ അവസാനം എടുത്തുകൊള്ളാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഈ സഭയിൽ നമുക്ക് അങ്ങോട്ടും ഇങ്ങോട്ടും അഭിപ്രായ വ്യത്യാസമില്ലാതെ ഏകകണ്ഠമായി പാസ്സാക്കേണ്ട ഒരു പ്രമേയമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഞാൻ അതിനെ അനുകൂലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. നദികളെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമായിട്ട് ഇന്ന് Inter-Linking of Rivers in India എന്ന വിഷയം മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് വളരെ ഗൗരവതരമായി സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ അറിയാനോ പാർലമെന്റിൽതന്നെ വേണ്ടതുപോലെ ചർച്ച നടത്താനോ തയ്യാറാകാതെ സംസ്ഥാനങ്ങളുടെ വിഷയമായ നദികളെ സംബന്ധിക്കുന്ന കാര്യത്തിൽ വളരെ ഏകപക്ഷീയമായി വേഗത്തിലെടുത്ത തീരുമാനമായിട്ടാണ് Inter-Linking നദി സംയോജന പദ്ധതി മുന്നോട്ട് പോകുന്നത്. നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന പമ്പ-അച്ചൻകോവിൽ അതുപോലെ ഇനി വരാൻപോകുന്ന നമ്മുടെ സംസ്ഥാനത്തെ ചില നദികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വളരെ ഗുരുതരമയ പ്രതിസന്ധിയും പ്രത്യാഘാതവും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന ഒരു പദ്ധതിയുമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഈ പദ്ധതിക്കായിട്ട് കേന്ദ്രഗവൺമെന്റ് ചെലവഴിക്കുന്നത് വളരെ ഭീമമായ സംഖ്യയാണ്. ഇതിനുവേണ്ടി കേന്ദ്രഗവൺമെന്റ് മാറ്റിവച്ചിട്ടുള്ളത് 5,60,000 കോടി രൂപയാണ്. ഇത്രയും ബൃഹത്തായ ഒരു പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രമന്ത്രിയായിരുന്ന സുരേഷ് പ്രഭുവിന്റെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സ് 30 പ്രോജക്ടുകൾ തയ്യാറാക്കി. അതിൽ 8 പ്രോജക്ടുകളാണ് ഇപ്പോൾ വന്നത്. അതിൽ പമ്പ-അച്ചൻകോവിൽ ഉൾപ്പെടെയുണ്ട്. സുപ്രീംകോടതി ഇത് 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. 2016-ൽ പൂർത്തിയാക്കാവുന്ന വിധത്തിൽ ദ്രുതഗതിയിലാണ് ഈ ടാസ്ക് ഫോഴ്സ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. 1995-ൽ എൻ.ഡബ്ല്യു.ഡി.എ. തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിലിനെ സംബന്ധിച്ച് ഉൾപ്പെടെ ഈ 8 പ്രോജക്ടുകളിൽ തമിഴ്നാട്ടിലെ മൂന്ന് ജില്ലകൾക്ക് 91,400 ഹെക്ടർ ഭൂമി അവരുടെ മൂന്ന് ജില്ലകളിലായി കൃഷി ചെയ്യാൻ വേണ്ടിയുള്ള വലിയ ലക്ഷ്യത്തോടുകൂടി വലിയ ഉദ്ദേശത്തോടുകൂടി കൊണ്ടുവരുന്ന ഒരു പദ്ധതിയാണ്. ഇതിന് വേണ്ടിമാത്രം 2588 കോടി രൂപ. അതിൽനിന്ന് ഊഹിക്കാവുന്നതാണ് ഈ പദ്ധതിയുടെ വലിപ്പവും അതിന്റെ പ്രാധാന്യവും, മറ്റ് പ്രത്യാഘാതങ്ങളുമൊക്കെ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. തൃശ്ശൂരിൽ ഈയിടെ നടന്ന രണ്ട് ദിവസത്തെ National Workshop on the Project of Inter-Linking of Rivers in India എന്ന വളരെ പ്രധാനപ്പെട്ട ഒരു സെമിനാർ നടന്നിരുന്നു. ആ സെമിനാറിൽ പങ്കെടുക്കാൻ എനിക്കും അവസരം കിട്ടി. ഇതിൽ മൂന്ന് ഭാഗം പറയുന്നുണ്ട്. Delinking rivers, Irrigating more land, Increasing food production, controlling floods, drought relief, more power generation. ഇതാണ് ഇതിന്റെ delinking കൊണ്ട് ഉദ്ദേശിക്കുന്ന ഭാഗം. ഇതിന്റെ Unside impacts of inter-linking rivers, ഇതുകൊണ്ട് ഉണ്ടാകുന്ന കാര്യങ്ങളെ സംബന്ധിച്ച് പറയുന്നു, linking pollution, The human factor, Financial aspects, environmental impact assessment. ഇത്തരം കാര്യങ്ങളിൽ ഏതെല്ലാം സംസ്ഥാനങ്ങളെ ഏതൊക്കെ വിധത്തിൽ പ്രതികൂലമായി ബാധിക്കും എന്ന് വളരെ വിശദമായി നമ്മുടെ പത്രമാദ്ധ്യമങ്ങളിലൂടെ വളരെ കാര്യഗൗരവത്തോടുകൂടി ചർച്ച നടത്തുന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇതിന് വരുന്ന ചെലവ്, ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാൻ പോകുന്ന മറ്റ് പ്രയാസങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ കേന്ദ്ര ഗവൺമെന്റ് ആ അർത്ഥത്തിൽ സംസ്ഥാന ഗവൺമെന്റുകളുമായി ചർച്ച ചെയ്തിട്ടില്ല എന്ന വളരെ ഗുരുതരമായ ഒരു വീഴ്ച അല്ലെങ്കിൽ അപകടകരമായ ഒരു സാഹചര്യം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടായി എന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

പാർലമെന്റിൽ കേരളത്തിലെ എം.പി.-മാർ, ഭരണകക്ഷിയിലും പ്രതിപക്ഷകക്ഷിയിലും പെട്ട എം.പി.-മാരെല്ലാംതന്നെ വളരെ ഉയർന്നുപ്രവർത്തിച്ചതുകൊണ്ട് പ്രധാനമന്ത്രിയുടെ മുമ്പിലും പാർലമെന്റിലും ലോക്സഭയിലും രാജ്യസഭയിലുമൊക്കെ നമ്മുടെ പ്രശ്നങ്ങൾ നല്ലവണ്ണം അവതരിപ്പിച്ചതുകൊണ്ട് ഈ പ്രശ്നത്തിന് ഒരു സവിശേഷമായ ശ്രദ്ധ അഖിലേന്ത്യാടിസ്ഥാനത്തിൽ കിട്ടിയിട്ടുണ്ട്. ഈ സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉദ്യോഗസ്ഥൻമാരെമാത്രം ഏല്പിക്കാതെ ഗവൺമെന്റ് തന്നെ മുൻകൈയെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ, സംസ്ഥാനത്തിന്റെ നദീജലം സംരക്ഷിക്കാനുള്ള താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മൾ മുന്നോട്ട് പോകണം. അതിന് ഈ പ്രമേയം സഹായകരമാകട്ടെ. ഇത് തമിഴ്നാടും കേരളവും തമ്മിലുള്ള തർക്ക പ്രശ്നമായി മാറാൻ പാടില്ല. ധാരാളം കേരളീയർ തമിഴ്നാട്ടിൽ ജോലിചെയ്യുന്നു. ധാരാളം തമിഴ്നാട്ടിലെ തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നു. രണ്ട് സ്റ്റേറ്റുകൾ തമ്മിലുള്ള പ്രശ്നമായിട്ട് ഇത് വരാൻപാടില്ല. ബി.ജെ.പി. ഗവൺമെന്റും ജയലളിതയും ആഗ്രഹിക്കുന്നത് അതാണ്. ബി.ജെ.പി.-യുമായി ജയലളിതയുണ്ടാക്കി ക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇതൊരു തർക്കപ്രശ്ന മായി രണ്ട് സ്റ്റേറ്റുകൾ തമ്മിൽ വളർത്തിയെടുത്ത് ഇതിന്റെ പരമാവധി നേട്ടം തമിഴ്നാട് നേടിയെടുക്കാൻ ശ്രമിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതികൂടി കണക്കിലെടു ത്തുകൊണ്ടും ഇത് ബ്രിട്ടീഷ് ഭരണകാലത്തായാലും രാജവാഴ്ചയുടെ കാലത്തായാലും മുൻകാലങ്ങളിൽ ഉണ്ടാക്കിയ കരാറുകൾ, ആ കരാറുകളിലെ തർക്കവിതർക്കങ്ങളിലേയ്ക്കല്ല പോകേണ്ടത്. അന്ന് നമുക്ക് സർപ്ലസായി വെള്ളമുണ്ട്. ഇലക്ട്രിസിറ്റിയുണ്ട് എന്ന പ്രശ്നങ്ങളൊക്കെ നിൽക്കുമ്പോൾ ഇന്ന് യാഥാർത്ഥ്യത്തോടെ പ്രശ്നങ്ങളെ വിലയിരുത്താൻ, പഠിക്കാൻ, അതിന്റെ അടിസ്ഥാനത്തിൽ നിയമസഭ പാസ്സാക്കുന്ന ഈ പ്രമേയം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ മാത്രമല്ല രാജ്യത്തിന്റെ മുമ്പിൽ നമ്മുടെ കേസ് നല്ലവണ്ണം അവതരിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനത്തിന്റെ നമ്മുടെ അധികാരത്തിൽ കേന്ദ്രഗവൺമെന്റ് കൈകടത്താനുള്ള ഈ ഇന്റർലിംഗ് പദ്ധതിയിലൂടെയുള്ള നീക്കങ്ങളെ ചെറുത്തുതോല്പിച്ചുകൊണ്ട് കേരളത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് നദികളെ സാരക്ഷിക്കാൻ വേണ്ടിയുള്ള വലിയ ഒരു പ്രസ്ഥാനത്തിലേയ്ക്ക് നമുക്ക് ഒന്നിച്ച് മുന്നോട്ട് പോകാം. അതിന് ഈ പ്രമേയം സഹായകരമാകട്ടെയെന്നും കേരളത്തിലെ നദികളെക്കുറിച്ച് പഠിക്കാനുള്ള നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ തീരുമാനം ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം എടുത്തുകൊണ്ട് നമ്മൾ വെള്ളിയാഴ്ച മേക്കരയി ലേയ്ക്ക് പോകുന്ന ഈ യാത്രയോടുകൂടി കേരളത്തിലെ മുഴുവൻ നദികളുടേയും

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ഈ ഗവൺമെന്റിന്റെ ശ്രദ്ധയും മന്ത്രിയുടെ മുഖ്യമായ ഉത്തരവാദിത്വവും മുൻകൈയും ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേരളീയരുടെ മുഴുവൻ താല്പര്യങ്ങൾക്കായി ഈ പ്രമേയം നമുക്ക് ഏകകണ്ഠമായി പാസ്സാക്കാം, കേരളത്തിന്റെ താല്പര്യങ്ങൾക്കു വേണ്ടി ഒന്നിച്ചുനിൽക്കാം എന്നുകൂടി പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

കെ. സി. വേണുഗോപാൽ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമുക്കാകമാനം ആശാങ്കാകുലമായ ഒരു അന്തരീക്ഷം ഉണ്ടായിരിക്കുന്ന വിഷയമാണ് പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്കേജുമായി ബന്ധപ്പെട്ട് കേന്ദ്ര ജലവികസന ഏജൻസി ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്ന തീരുമാനം ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചതു പോലെ നമ്മുടെ എം.പി.-മാർ വളരെ സന്ദർഭോചിതമായി ഉയർന്നതുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിധിവരെ കേന്ദ്രഗവൺമെന്റ് ഭാഗത്തുനിന്ന് അനുകൂലമായ മറുപടി വാങ്ങാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു എന്നുള്ളത് കേവലം നിസാരമായ കാര്യമല്ല. നമ്മുടെ നാട്ടിൽ അധികജലമുണ്ട് എന്ന പൊതുധാരണ സൃഷ്ടിച്ചുകൊണ്ടാണ് നമ്മുടെ നാട്ടിലെ ജലം തിരിച്ചുകൊണ്ടുപോകാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ മറ്റ് സംസ്ഥാന ഗവൺമെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെയെല്ലാം വെള്ളം കൂടുതലാണെന്ന ധാരണയാണ്. അത് യഥാർത്ഥത്തിൽ ശരിയാണോ എന്ന് ഗവൺമെന്റ് വ്യക്തമാക്കേണ്ടതാണ്. കോഴിക്കോട് ആസ്ഥാനമാക്കി ജലവിഭവ മാനേജ്മെന്റ് കേന്ദ്രത്തിന്റെ ജലസമ്പത്തിനെക്കുറിച്ചുള്ള ഒരു പഠനം തന്നെ അടുത്ത കാലത്ത് വന്നു. അത് പറയുന്നത് 2051 വർഷമാകുമ്പോഴേക്കും നമ്മുടെ പമ്പ-അച്ചൻകോവിൽ റിവറിനെ സംബന്ധിച്ച് രൂക്ഷമായ ജലക്ഷാമം ഉണ്ടാകുമെന്നുള്ളതാണ് ഒരു എസ്റ്റിമേഷൻ കണക്കാക്കിയിരിക്കുന്നത്. പമ്പയിൽ 35,320 ലക്ഷം ഘനമീറ്റർ ജലവും അച്ചൻകോവിലിൽ 4,590 ലക്ഷം ഘനമീറ്റർ ജലവും കുറവ് വരുമെന്നാണ്. നമുക്ക് മഴ കൂടുതലാണെന്ന പ്രചരണവുമുണ്ട്. 1999-ലെ ഒരു കണക്കനുസരിച്ച് 12,582 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് കുട്ടനാടൻ ഭാഗങ്ങളിലേയ്ക്ക് ഒഴുകിവരുന്നതെന്നാണ് ഒരു ഏകദേശ എസ്റ്റിമേഷനുള്ളത്. ഈ ഭാഗത്ത് ജനങ്ങളുടെ ആളോഹരി ചെലവും ജലഉപയോഗവുമൊക്കെ കണക്കിലെടുത്തു ഒരാൾക്ക് 15,128 ദശലക്ഷം ഘനമീറ്റർ ആവശ്യമാണെന്നാണ് ഏകദേശ കണക്ക്. ഇത് അനുസരിച്ച് ശാസ്ത്രീയമായി 3,000-ത്തോളം ഘനമീറ്റർ വെള്ളം ഒരാൾക്ക് കുറവാണ് ഇപ്പോൾ തന്നെ കുട്ടനാടൻ മേഖലയിൽ. മാത്രമല്ല നമ്മുടെ വാട്ടർ സപ്ലൈ സ്കീമുകൾ, വൈപ്പിനായാലും ആലപ്പുഴയിലായാലും വാട്ടർ സപ്ലൈ സ്കീമുകളൊക്കെത്തന്നെ ഒറിജിനൽ സോഴ്സ് എന്നുപറയുന്നത് നമ്മുടെ പമ്പയും അച്ചൻകോവിലും പെരിയാറും പോലെയുള്ള നദികളാണ്. ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും സലൈനിറ്റി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നദികൾതന്നെ പലതും ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. അപ്പോൾ വെള്ളം സർവ്വത്രയുണ്ടെന്ന് പ്രചരണം നടത്തുകയും കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയിലും കേരളീയർ നിൽക്കുന്ന അവസരത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള വെള്ളംകൂടി കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തുന്നത്. യഥാർത്ഥത്തിൽ നമ്മൾ മണിക്കൂറുകളുടെ കണക്കെടുത്താൽ 24 മണിക്കൂർ ദിവസങ്ങളായി എടുത്താൽ 35 ദിവസത്തെ മഴയാണ് 365 ദിവസത്തിൽ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതിൽ 10 ദിവസത്തെ മഴ മാത്രമാണ് ശരാശരി വർഷകാലമെന്ന് പറഞ്ഞ് കരകവിഞ്ഞ് ഒഴുകുന്ന സാഹചര്യം ഉണ്ടാകുന്നത്. ഈ 10 ദിവസം കിട്ടുന്ന മഴയെ ഡിപ്പെന്റ് ചെയ്തിട്ടാണ് കേരളം മുഴുവൻ മഴയാണ് കേരളത്തിൽ വെള്ളം കൂടുതലാണെന്നുപറഞ്ഞുകൊണ്ട് ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തന്നെ ഇപ്പോൾ അനുമതികൊടുക്കുകയും അത് തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾക്ക് അനുകൂലമാവുകയും ചെയ്തത്. ഇതിന്റെ യഥാർത്ഥ വസ്തുത ശ്രീ. രാജേന്ദ്രൻ പറഞ്ഞതുപോലെ തമിഴ്നാടും കേരളവും തമ്മിലുള്ള പ്രശ്നമാക്കി വളർത്തിക്കൊണ്ട് വരാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. തമിഴ്നാടിന് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുമോ? അവരെ ഒന്ന് കൺവിൻസ് ചെയ്യിപ്പിക്കണ്ടേ. തമിഴ്നാട് ഉദ്ദേശിക്കുന്നത് എന്താണ്? കേരളത്തിൽനിന്ന് ഈ വെള്ളം കൊണ്ടു പോകാൻ അവർക്ക് വെള്ളം കിട്ടുമോ, കാലക്രമേണ വർഷങ്ങൾ കഴിയുന്നതോടെ എന്തായിരിക്കും അതിന്റെ സ്ഥിതി. അതൊന്നു പഠിക്കാൻ മെനക്കെട്ടാൽ മനസ്സിലാകുന്നത് ഇപ്പോൾതന്നെ പദ്ധതിക്കുവേണ്ടി അണ കെട്ടേണ്ടിവരും. 2004 ഹെക്ടറോളം വനഭൂമി ഈ വെള്ളത്തിന്റെ അടിയിലാകുമെന്നാണ് പറയുന്നത്. പിന്നെ പദ്ധതി കാലക്രമേണ യുണ്ടായിക്കഴിഞ്ഞാൽ 800 വരെ ഹെക്ടർ ഭൂമി വെള്ളത്തിന് അടിയിലാകുന്ന അവസ്ഥ യായിരിക്കും. വനങ്ങൾ നശിച്ചുകഴിഞ്ഞാൽ മഴ കുറയും. മഴ ഗണ്യമായി കുറയുകയും പദ്ധതി പ്രദേശങ്ങളിൽ മാത്രമല്ല പെരിയാർ അടക്കമുള്ള ഭാഗങ്ങളിൽ മഴ കുറയുന്നത് അനുഭവപ്പെടും. കാലക്രമേണ ഒഴുക്കിക്കൊണ്ട് പോകാൻ എന്തിനുവേണ്ടിയിട്ടാണോ ഉദ്ദേശിച്ചത് ആ വെള്ളം കിട്ടാത്ത സാഹചര്യം ഉണ്ടാകും. അവരുടെ പദ്ധതി കണക്ക നുസരിച്ച് വൈദ്യുതി ഉണ്ടാക്കാൻ വേണ്ടിയുള്ള പദ്ധതിയുണ്ട്. ഈ വൈദ്യുതിയുണ്ടാക്കാൻ വേണ്ടിയുള്ള പദ്ധതിക്കും ആവശ്യമായിട്ടുള്ള അവരുടെ ചെലവും വൈദ്യുതിയുണ്ടാക്കുന്ന പദ്ധതിയും പരിശോധിച്ചുനോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. അതിൽ അവർക്ക് ഉദ്ദേശിച്ച ഫലം ചെയ്യാൻ കഴിയുകയില്ല. 508 മെഗാവാട്ട് വൈദ്യുതിയാണ് ഒരു ദിവസം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി വന്നാൽ 1114 ദശലക്ഷം വൈദ്യുതിയുണ്ടാ ക്കാനാണ്; മൊത്തത്തിൽ ഈ അച്ചൻകോവിൽ ആറ് മുകളിലേയ്ക്ക് കയറ്റിയിട്ട് അവിടെ റിസർവോയർ ഉണ്ടാക്കിയിട്ടാണ് ഈ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. അതിന്റെ ഏകദേശ കണക്കനുസരിച്ചാണെങ്കിൽ 2114 മെഗാവാട്ട് വൈദ്യുതി അതിന് ആവശ്യമായി വരും. ഉല്പാദനത്തെക്കാൾ കൂടുതൽ ഇത് ഉല്പാദിപ്പിക്കുന്നതിന് കൊടുക്കേണ്ട അവസ്ഥയാണ് ഈ പദ്ധതിയിലൂടെ വരുന്നത്. ഒരുതരത്തിലും വയബിളാകുന്ന പ്രോജക്ടല്ല ഇത്. അവരെ സംബന്ധിച്ചിടത്തോളം തമിഴ്നാടിന് പോലും ഇത് മനസ്സിലാകുന്നില്ല. ഇത് തമിഴ്നാട് ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ കേരളത്തിൽ അധികവെള്ളമില്ലെന്നും വെള്ളത്തിന് ഷോർട്ടേജ് അനുഭവപ്പെടുകയാണെന്നും നിങ്ങൾക്ക് വെള്ളം തരാൻ കഴിയില്ലെന്നും തമിഴ്നാടിനെ ബോദ്ധ്യപ്പെടുത്താനുള്ള സമീപനം

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതാണെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. കുട്ടനാടിന്റെ സ്ഥിതി നമുക്കറിയാം. ഈ പദ്ധതികൾക്കൊണ്ട് ഏറ്റവും കൂടുതൽ എഫക്ട് ഉണ്ടാക്കാൻ കഴിയുന്ന മേഖലയാണ് കുട്ടനാടും ആലപ്പുഴ ജില്ലയുടെ പ്രധാനപ്പെട്ട പ്രദേശങ്ങളൊക്കെയുംതന്നെ. വേമ്പനാട് കായലിന്റെ പ്രത്യേകത ഞാൻ പറയേണ്ട കാര്യമില്ലല്ലോ. പരിസ്ഥിതി പ്രാധാന്യമുള്ള തണ്ണീർതടങ്ങളുള്ള ഒരു പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മേഖലയാണ് വേമ്പനാട് കായൽ. നമുക്കറിയാം ഔഷധ സസ്യങ്ങളും അതുപോലെ അപൂർവ്വ പക്ഷിജാലങ്ങളൊക്കെയുള്ള ഒരു പ്രദേശമാണ്. അത്തരം പാരിസ്ഥിതിക പ്രാധാന്യമുള്ള വേമ്പനാട് കായൽ ഇപ്പോൾതന്നെ മലിനീകരണപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ആ കായലിന്റെ പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതി വരുന്നതോടുകൂടി വേമ്പനാട്ട് കായലിലെ ജലവും കാലക്രമേണ പോകുമെന്നള്ളതിന് യാതൊരു സംശയവുമില്ല. അത് ഉൽകണ്ഠയോടുകൂടി മാത്രമേ കാണാൻ കഴിയൂ. അതുകൊണ്ട് ആലപ്പുഴ ജില്ലയിലെ കുട്ടനാടിനെയൊട്ടാകെ പ്രതികൂലമായി ബാധിക്കുന്നതാണ്. നമ്മുടെ മാധ്യമങ്ങൾ ഇത് ശ്രദ്ധയോടുകൂടി ഏറ്റെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മുല്ലപ്പെരിയാർ ചർച്ച നടന്നപ്പോൾ പറഞ്ഞു നമ്മുടെ ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളായി ഇത്തരം കാര്യങ്ങളിൽ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. അതിൽ പല കാരണങ്ങളുണ്ടാകാം. തമിഴ്നാട്ടിലെ ഉദ്യോഗസ്ഥൻമാർ ഒരു പദ്ധതി പ്രഖ്യാപിച്ചാൽ ആ പദ്ധതി ഫോളോ അപ് ചെയ്യുന്നതിനുവേണ്ടി ഇൻസെന്റീവ് അടക്കം ഉദ്യോഗസ്ഥൻമാരുടെ താമസസൗകര്യമടക്കം അവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും അവിടുത്തെ ഗവൺമെന്റ് ചെയ്തുകൊടുക്കുന്നു. നമ്മുടെ ഉദ്യോഗസ്ഥൻമാരെ പലപ്പോഴും പണിഷ്മെന്റ് ട്രാൻസ്ഫറായിട്ടാണ് ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. ആ ഉദ്യോഗസ്ഥൻമാരാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു കാര്യങ്ങളും ചെയ്യുകയില്ല. സംസ്ഥാനത്തിന്റെ ജലം സംരക്ഷിക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥൻമാർ ആ ചുമതല നിർവ്വഹിക്കുന്നില്ല എന്നത് നമുക്ക് വളരെ ഗൗരവമായി മാത്രമേ കാണാൻ കഴിയൂ. അതിന് എന്ത് കഴിയുമെന്ന് ഗവൺമെന്റ് സീരിയസായി ചിന്തിക്കണം. ഈ പദ്ധതി മാത്രമല്ല മുല്ലപ്പെരിയാറിന്റെ കാര്യത്തിലും മറ്റ് പദ്ധതികളുടെ കാര്യത്തിലുമൊക്കെ ഇപ്പോൾ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾപോലും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് കേന്ദ്രഗവൺമെന്റിന് കത്തെഴുതിയത് ഇന്ന് വാർത്തയാണ്. അപ്പോൾ ഇത് വളരെ ഗൗരവമായി വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഓരോ ജലവിതരണ പദ്ധതികളെയും ജലസേചന പദ്ധതികളെയും ഇത് ബാധിക്കും. അതുകൊണ്ട് നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് ഈ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ പറ്റുന്ന സാഹചര്യമുണ്ടാകണം. അവരെ അതിനുവേണ്ടി ചുമതലപ്പെടുത്തണം. ഓരോ ഉദ്യോഗസ്ഥൻമാരെയും ഓരോ നദീജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ചുമതലപ്പെടുത്തി അവർക്കാവശ്യമായ അത്യാവശ്യ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകണം. ഇത് കേരളത്തിന്റെ പൊതുവായ താല്പര്യമാണെന്ന് മനസ്സിലാക്കി കൊണ്ട് അതിന് തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കക്ഷി രാഷ്ട്രീയത്തിന്റെ പ്രശ്നമില്ല. കേരളം ഒറ്റക്കെട്ടായി നിൽക്കേണ്ട ഒരു പ്രശ്നമാണ്. നമുക്കറിയാം കാവേരിപ്രശ്നം വന്നപ്പോൾ ഉണ്ടായ പ്രോബ്ലം. മുല്ലപ്പെരിയാറിന്റെ പേരിൽ നമ്മുടെ അണക്കെട്ട് ഭീഷണി നേരിട്ടപ്പോൾ പോലും നമുക്ക് വെള്ളത്തിന്റെ അടി താഴ്ത്താൻപറ്റാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ഇത് പ്രാദേശിക വികാരങ്ങൾ ഉയർത്തി വിടാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കമല്ല. ഇത് ഒരു സംസ്ഥാനത്തെ ജനത ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഇല്ലാത്ത കള്ളകണക്കുണ്ടാക്കി ജലസമ്പത്ത് കൂടുതലാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് ഇവിടുത്തെ ജനങ്ങൾക്ക് അത്യാവശ്യം കിട്ടേണ്ട വെള്ളംപോലും കിട്ടാത്ത അവസ്ഥയുണ്ടാക്കുകയാണ്. നമ്മുടെ ജലവൈദ്യുത പദ്ധതികൾ, നമ്മുടെ ജലസേചന പദ്ധതികൾ, നമ്മുടെ കുടിവെള്ള പദ്ധതികൾ ഇവയൊക്കെ

12 P.M.] ഭാവിയിൽ അപകടപ്പെടുത്തുന്ന രീതിയിൽ വളരെ ഗൗരവതരമായി ഈ സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നം ആയതുകൊണ്ട് കക്ഷി രാഷ്ട്രീയമെല്ലാം മറന്നു കൊണ്ട് ഒറ്റക്കെട്ടായി പോരാടണം. കേന്ദ്രഗവൺമെന്റ്, ഇതിലെ ദേശീയ കൗൺസിൽ ആണ് തീരുമാനിച്ചിരിക്കുന്നത്. കേരളത്തിന്റെ റപ്രസന്റേഷൻ അവിടെ ഉണ്ടായിരുന്നു. എന്നിട്ടും എന്തുകൊണ്ട് ഇത് തീരുമാനിക്കപ്പെട്ടു എന്നുള്ളതാണ്. ഇത് കഴിഞ്ഞ കാലഘട്ടങ്ങളിൽത്തന്നെ നമുക്ക് എതിർക്കേണ്ടതായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഏതായാലും സന്ദർഭത്തിനൊത്ത് ഇനിയും ഉയരേണ്ട ഈ കാര്യത്തിൽ കേരളീയ ജനത ഒറ്റക്കെട്ടായി ഗവൺമെന്റിന്റെ കൂടെ ഉണ്ടാകും. കേരളത്തിലെ ജനങ്ങളുടെ വികാരം മുഴുവൻ ആവാഹിച്ചെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ നീക്കത്തിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുകയും ഒരു കാരണവശാലും, ഇത് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചാലും, പദ്ധതി നടപ്പിലാക്കുവാൻ കേരളത്തിലെ ജനങ്ങൾ അനുവദിക്കുന്ന പ്രശ്നമില്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ ഈ നിയമസഭ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കളത്തിൽ അബ്ദുള്ള</u>: സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അവതരിപ്പിച്ച ചട്ടം 130 അനുസരിച്ചുള്ള ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. വെള്ളത്തിന്റെയും മണ്ണിന്റെയും വില അറിഞ്ഞ സ്റ്റേറ്റാണ് പഴയ മദ്രാസ് സംസ്ഥാനം; ഇപ്പോഴത്തെ തമിഴ്നാടും. കേരളത്തിന്റെ അതിർത്തിയിലെ നദികളിൽനിന്ന് വെള്ളം തങ്ങളുടെ മണ്ണിലേക്ക് ഒഴുക്കുന്നതിന് അവർ വിരുതൻമാരാണ്. ഈ വെള്ളം ഉപയോഗിച്ച് കാർഷിക വ്യവസായ രംഗത്ത് തമിഴ്നാടിനെ സ്വർണ്ണ ഭൂമിയാക്കാമെന്നാണ് അവരുടെ കാഴ്ചപ്പാട്. 1856-ലെ പെരിയാർ പുഴ കരാർ 1999 വർഷക്കാലത്തേയ്ക്കാണ് ഒപ്പുവച്ചത്. പിന്നീടുണ്ടായ ഭാരതപ്പുഴ, ചാലക്കുടി പുഴ, പെരിയാർ പുഴ, തുടങ്ങിയ പി.എ.പി. കരാർ അതും 1970 കാലങ്ങളിലാണ് ഒപ്പുവച്ചത്. കേരളത്തിന്റെ ഏറ്റവും വലിയ നെല്ലറയായ പാലക്കാടിനെ ഇത് ഗുരുതരമായി ബാധിച്ചു. പണ്ടുകാലത്ത് നമ്മുടെ കാരണവൻമാർ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭൂമികളിൽ വെള്ളം തിരിക്കാൻ ചുറ്റും കല്ലിട്ട് പൊക്കാറുണ്ട്. അതുപോലെ പാലക്കാട് ജില്ലയിലെ ചില എം.എൽ.എ.-മാരുടെ ഈ വേനൽക്കാലത്തെ ചില പ്രധാനപ്പെട്ട പണി നമ്മുടെ നെല്ലറകളിലേയ്ക്ക് വെള്ളമുണ്ടോ; കനാലിൽ വെള്ളം വന്നോ എന്ന് നോക്കലാണ്. അത്രയേറെ ഗുരുതരമാക്കി ഈ കരാർ. പാലക്കാട്ടു നിന്ന് കിഴക്കോട്ട് ഒഴുകുന്ന നദികളാണ് ശിരുവാണിയും ഭാരതപ്പുഴയുമൊക്കെ. എന്റെ നിയോജക മണ്ഡലത്തിലൂടെയാണ് ഭവാനിയും ശിരുവാണിയും ഒഴുകുന്നത്. ഇതിൽനിന്നും നമുക്ക് കിട്ടേണ്ട 2.5 ടി.എം.സി. ജലം, അത് നമുക്ക് ഇന്നുവരെ കിട്ടിയിട്ടില്ല. അതുപോലെതന്നെ 1980-ലെ തീരുമാനമായ എ. വി. ഐ. പി. കരാർ അനന്തമായി നീളുകയാണ്. 1994-ലും ഇത് സബ്ജക്ട് കമ്മിറ്റി കൂടുതൽ ആവർത്തിച്ചു പറഞ്ഞു. ഭവാനി കരാർപ്രകാരം ഭവാനി ബെയ്സനിൽക്കൂടി ഒഴുകുന്ന 740 ടി.എം.സി. വെള്ളത്തിൽ 140 ടി.എം.സി.-യാണ് കേരളത്തിന് ലഭിക്കേണ്ടത്. ഇതിൽ അഞ്ച് ടി.എം.സി. മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളൂ. അങ്കിണ്ടപ്പാറയിൽ നിന്നും ഉത്ഭവിക്കുന്ന അപ്പർ ഭവാനിയിലും ഈസ്റ്റ് വാകർവളത്തിലും വെസ്റ്റ് ഭവാനിയിലുമൊക്കെ തമിഴ്നാട് അണ കെട്ടിക്കഴിഞ്ഞു. ഇപ്പോൾ അവരുടെ കണ്ണ് അച്ചൻകോവിൽ ആറിലേയ്ക്കാണ് തിരിച്ചിട്ടുള്ളത്. ജലക്ഷാമം അനുഭവിക്കുന്നതിൽ കൂടുതൽ കേരളത്തിലെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. ജലക്ഷാമം അനുഭവിക്കുവാനും ഈ പദ്ധതി, കേരളത്തിന് ഒരു

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഭവിഷ്യത്തായി മാറും. പമ്പ-വൈപ്പാർ ലിങ്ക് പദ്ധതി 1983-ലെ ഒരു കമ്മിറ്റി തീരുമാന പ്രകാരമാണ് വരുന്നത്. അന്ന് ഈ കമ്മിറ്റിയിൽ ഒരു കേരളീയനും ഉണ്ടായിരുന്നു. പതിനാലാമത്തെ യോഗമാണ് അന്ന് അതിന് തീരുമാനമെടുത്തത്. 3127 ദശലക്ഷം ഘന മീറ്റർ വെള്ളം ഈ നദികളിൽ അധികമാണെന്നും ഇരുപതു ശതമാനം വെള്ളം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുപോകുവാൻ കഴിയുമെന്നും തീരുമാനമെടുത്തതിന്റെ ഭാഗമായി കോടികൾ മുടക്കിക്കൊണ്ടുള്ള ഒരു പ്രോജക്ട് അവർ ഉണ്ടാക്കി. അതിന്റെ ചില നടപടികൾ സമീപകാലത്ത് ഉണ്ടാക്കിയപ്പോൾ അത് കേരളീയ മനസ്സാക്ഷിയുടെ മുമ്പിൽ കൊണ്ടുവന്നത് നമ്മുടെ മാധ്യമങ്ങളാണ്. അവർ പിന്തിരിഞ്ഞാലും നമ്മുടെ ഫോർത്ത് എസ്റ്റേറ്റായ മാധ്യമങ്ങൾ ഈ രംഗത്ത് അഭിനന്ദനം അർഹിക്കുന്നു. മേക്കരയിൽ ഡാം ഉയർത്തിയപ്പോൾ അവർ വാചാലമായി രംഗത്തുവന്നു. ഈ പദ്ധതി വന്നാൽ 1400 ഹെക്ടർ നിബിഡവനം നമുക്ക് നഷ്ടപ്പെടും. മൊത്തം 2003 ഹെക്ടർ വനം നമുക്ക് നഷ്ടപ്പെടും. മുക്കാലിയിൽ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിനും ശ്രീകൃഷ്ണപുരത്തിനും അതുപോലെ മങ്കടക്കും പെരിന്തൽമണ്ണയ്ക്കും പൊന്നാനിക്കുമൊക്കെ ഉപയുക്തമാകുന്ന മുക്കാലിയിൽ നിന്ന് കുറച്ചു വെള്ളം തിരിച്ചുവിടാൻ ശ്രമിച്ചപ്പോൾ ഇരുപത്തിയഞ്ച് മരമാണ് പോകുന്നത്. ഞാൻ അന്ന് പോയി നോക്കിയതാണ്. ഇരുപത്തിയഞ്ച് മരം നഷ്ടപ്പെടുമെന്നു വന്നപ്പോൾ 1400 ഹെക്ടർ നിബിഡവനവും 2003 ഹെക്ടർ ടോട്ടൽ വനവും ഉൾപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിക്കെതിരായി കേന്ദ്ര-വന-പരിസ്ഥിതി-മന്ത്രാലയം ഇടപെടേണ്ടുന്ന ഒരു ഘട്ടം വന്നു. അതുപോലെ മുക്കാലി പദ്ധതി വന്നപ്പോൾ ഈ പദ്ധതിക്ക് എതിരായി കിഴക്കൻ അട്ടപ്പാടിയിലെ ജനങ്ങൾ മുന്നോട്ടുവന്നു. സ്വാഭാവികമായും അവരുടെ ആവശ്യം ന്യായമായിരുന്നു. അവർക്ക് കൃഷിക്ക് വെള്ളം കിട്ടില്ല. ആ സമയത്ത് മുക്കാലി പദ്ധതിക്കെതിരായി രംഗത്തുവരാൻ സി.പി.ഐ., സി. പി. എം. കക്ഷികൾ താല്പര്യം കാണിച്ചു. അതുപോലെ സുപ്രീംകോടതി നിർദ്ദേശപ്രകാരം 2016-ഓടുകൂടി ഒരു സംയോജിത നദീവികസന പദ്ധതിക്ക് രൂപം കൊടുക്കാനാണ് കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നത്. അങ്ങനെയാണെങ്കിൽ തീർച്ചയായും പമ്പ-അച്ചൻകോവിൽ ആറ് കിഴക്കോട്ട് ഒഴുകും. അത് ഏറ്റവും കൂടുതൽ ബാധിക്കുക ഏറ്റവും വലിയ നീർത്തട വ്യവസ്ഥയായ തണ്ണീർത്തട വ്യവസ്ഥയെ ആയിരിക്കും. കുട്ടനാടിന്റെ ആവാസ വ്യവസ്ഥ തകരും. പമ്പാ നദിയിലെ ജലപ്രവാഹം, ഒഴുക്കു കുറയുമ്പോൾ സ്വാഭാവികമായും കുട്ടനാടിന്റെ ജലാശയങ്ങളിൽ ഉപ്പ് വന്ന് നിറയും. പൊലൂഷൻ ശക്തിപ്പെടും. ശുദ്ധ ജലത്തിന്റെ സ്കേഴ്സിറ്റി വർദ്ധിപ്പിക്കും. അതുപോലെയുള്ള ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകും. ഇന്ന് ജലത്തിന്റെ കാര്യത്തിൽ മിച്ച സംസ്ഥാനമാണ് കേരളം. പക്ഷേ ഭവാനി ബേസിനിന്റെ തീരപ്രദേശങ്ങളിൽ വരൾച്ചയായതുപോലെ നാളെ കുട്ടനാടിന്റെ തീരപ്രദേശങ്ങളിലും വരൾച്ചയുണ്ടാകും. അതുകൊണ്ടുതന്നെ കേരളത്തിന്റെ വികാരം ഒറ്റക്കെട്ടായി വളരണം. അതോടൊപ്പം തമിഴ്നാട്ടിൽ ജീവിക്കുന്ന മലയാളികളുടെ താല്പര്യത്തിന് ഗുണകരമല്ലാത്ത രീതിയിലുള്ള നടപടികൾ ഉണ്ടാകുകയും ചെയ്യരുത്. അതുകൊണ്ട് തമിഴ്നാടുമായും കേന്ദ്രസർക്കാരുമായും സംയോജിതമായി ചർച്ച ചെയ്യണം. ഇന്നലെ നമ്മുടെ എം. പി.-മാർ നടത്തിയ പോരാട്ടത്തെ നമ്മൾ അഭിനന്ദിക്കണം. അങ്ങനെ കേരളത്തിന്റെ ഓരോ തുള്ളി വെള്ളവും ഓരോ തരിമണ്ണും വിലപ്പെട്ടതായ, കേരളത്തിലെ 44 നദികളെയും 34 കായലുകളെയും സംരക്ഷിച്ചുകൊണ്ട് ഈ സംസ്ഥാനത്തെ പുഷ്പം വിടരുന്ന ഒരു സ്വർണ്ണ ഭൂമിയാക്കി മാറ്റാൻ വ്യക്തമായ ഒരു വാട്ടർനയം രൂപീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനമായി ബാധിക്കുന്ന ഒരു വിഷയമാണ് പമ്പ-അച്ചൻകോവിൽ നദികളെ വൈപ്പാർ ബേസിനുമായി ബന്ധിപ്പിക്കുവാനുള്ള നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ ശുപാർശ. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിൽ ഏറ്റവും അധികം പ്രയാസങ്ങൾ ഇതുമൂലം ഉണ്ടാകുവാൻ പോകുകയാണ്. കുടിവെള്ള പ്രശ്നത്തിലാണെങ്കിലും അതുപോലെ കാർഷിക മേഖലകളിലാണെങ്കിലും വനപ്രദേശം നശിക്കുന്ന കാര്യത്തിലാണെങ്കിലും, എല്ലാ മേഖലകളെയും സാർവ്വത്രികമായി ബാധിക്കുന്ന പ്രശ്നമായി ഇതിനെ കാണേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിൽ നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി ഉണ്ടാക്കിയ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

നദികളെ സംയോജിപ്പിച്ചുകൊണ്ട് തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട കെ. സി. വേണുഗോപാലും അതുപോലെ ശ്രീ. കെ. പി. രാജേന്ദ്രനുമൊക്കെ സൂചിപ്പിച്ചതുപോലെ സംയോജിതമായി നമ്മുടെ പാർലമെന്റ് അംഗങ്ങളുമൊക്കെ ഈ വിഷയത്തിൽ പ്രതികരിച്ചു എന്നുള്ളതുകൊണ്ട് കേന്ദ്രഗവൺമെന്റിൽ തൽക്കാലം ഇതിന് ഒരു ചെറിയ തടയിടുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ അതു മാത്രമല്ല, ഇങ്ങനെ ഒരു പ്രശ്നം ഉണ്ടാകുവാൻ പോകുന്നുവെന്ന് അറിഞ്ഞപ്പോൾതന്നെ, പത്താം നിയമസഭയിൽത്തന്നെ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ, ഞാനും അതുപോലെതന്നെ ബഹുമാനപ്പെട്ട ഇ.എം. അഗസ്തിയും ജോർജ്ജ് ജെ. മാത്യുവും, ഞങ്ങൾ ഒന്നിച്ച്, ചില ചോദ്യങ്ങൾ ഉന്നയിച്ചു. നമ്മുടെ അച്ചൻകോവിൽ ആറ്റിൽനിന്നും പമ്പ ആറ്റിൽനിന്നും വെള്ളം ചോർത്തിക്കൊണ്ട് പോകുന്നുണ്ട്. ഈ കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ തീരുമാനിച്ചത് തന്നെ ഈ അപകടകരമായ അവസ്ഥ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. പക്ഷേ നിർഭാഗ്യവശാൽ അന്ന് ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല എന്നുള്ളത് എടുത്തു പറയേണ്ട ഒരു കാര്യമാണ്. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം അവർ മേക്കര എന്നു പറയുന്ന പ്രദേശത്ത് അടവിനൈനാർ കോവിൽ ഡാം നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചു. അതിന്റെ പണികൾ ആരംഭിച്ചത് 1998-ലാണ്. 1998-ൽ പണി ആരംഭിച്ചു ഏതാണ്ട് 360 അടി ഉയരത്തിൽ ഒരുകിലോമീറ്റർ നീളത്തിൽ അടവിനൈനാർ കോവിൽ ഡാം പണി പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു. അവരുടെ വെള്ളത്തിന്റെ സ്രോതസ്സെന്നുപറയുന്നത് ഹനുമാൻ നദി എന്നുപറയുന്ന ഒരു ചെറിയ അരുവി മാത്രമാണ്. ആ സ്രോതസ്സും കണ്ടുകൊണ്ടാണ് നൂറുകോടി രൂപയിലധികം ചെലവഴിച്ചുകൊണ്ട് ആ ഡാമിന്റെ പണി അവർ പൂർത്തീകരിച്ചത്. അതിന്റെ പിന്നിൽ വേറെ ഗൂഢലക്ഷ്യമുണ്ടായിരുന്നു. അതിന്റെ ഗൂഢലക്ഷ്യമെന്നുപറയുന്നത് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയെ കൊണ്ട് അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ട് ഉണ്ടാക്കിച്ചു. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് അച്ചൻകോവിൽ ആറ്റിൽ അധികജലമുണ്ടെന്നും അത് കടലിലേക്ക് ഒഴുകിപ്പോവുകയാണെന്നും അതുകൊണ്ട് ആ ജലം പ്രയോജനപ്രദമാക്കുന്നതിനുവേണ്ടി അച്ചൻകോവിൽ ആറിന്റെ മേഖലകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ഈ വെള്ളം പടിഞ്ഞാറോട്ട് ഒഴുകുന്നത് കിഴക്കോട്ട് തിരിച്ചുവിട്ട് ഈ ഡാമിലേക്ക് എത്തിച്ചേർക്കുക എന്ന ഗൂഢലക്ഷ്യത്തോടുകൂടിയാണ് അവിടെ ആ പ്രവർത്തനങ്ങൾ ആരംഭിച്ചത്. വളരെ പ്രധാനമായി ഇക്കാര്യം ഞാൻ ഈ നിയമസഭയിൽ തന്നെ കാളിംഗ് അറ്റൻഷനായി കൊണ്ടുവന്നതാണ്. 2001 ഒക്ടോബർമാസം 14-ാം തീയതി ഞാൻ നേരിട്ട് മേക്കര എന്നുപറയുന്ന പ്രദേശത്ത് ഈ ഡാമിന്റെ പണി നടക്കുന്ന സ്ഥലത്ത് പോയി കണ്ട് കാര്യങ്ങൾ മനസ്സിലാക്കിയതാണ്. ഞാൻ അതിനുശേഷം ഇവിടെ നോട്ടീസ് നൽകി 15-11-2001-ൽ കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നു. ഇക്കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഇതിന് അടിയന്തിര സ്വഭാവത്തോടുകൂടി നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലായെങ്കിൽ നമ്മുടെ പ്രദേശത്തെ ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു പ്രശ്നമായി മാറാൻ പോകുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട രാജു എബ്രഹാം കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് ഇതേവിഷയം തന്നെ ഈ സഭയിൽ ഉന്നയിച്ചതാണ്. ഇത് അപ്പുറത്ത് ഇരിക്കുന്നവരാണെങ്കിലും ഇപ്പുറത്തിരിക്കുന്നവരാണെങ്കിലും ഏറ്റവും കൂടുതൽ ശ്രദ്ധയോടുകൂടിയും വളരെ പ്രാധാന്യത്തോടുകൂടിയും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനോടൊപ്പം തന്നെ ഇതിന്റെ പ്രാധാന്യം ഗവൺമെന്റ് കാണണം. ഗവൺമെന്റ് കാണുക മാത്രമല്ല, ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നുള്ളതു കൊണ്ടാണ്. ഇവിടെ നമുക്ക് ഒരു ചെറിയ വിഷയമുള്ളത് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി 1999-ൽ ആണ് ഒരു റിപ്പോർട്ട് കൊടുത്തത്. ആ റിപ്പോർട്ടാണ് നമുക്ക് ഏറ്റവും വലിയ ദോഷകരമായി ഭവിച്ചത്. 2-7-1990-ൽ ആണ് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി ഒരു റിപ്പോർട്ട് ഫൈനലൈസ് ചെയ്തത്. ആ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുമ്പോൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയിൽ കേരളത്തിന്റെ ഒരു പ്രതിനിധി കൂടി അംഗമാണ്. നമ്മുടെ പ്രതിനിധി അംഗമായിരുന്നു എങ്കിൽപ്പോലും 2-7-1999-ൽ നടന്ന അതിപ്രധാനമായ ഈ കമ്മിറ്റി യോഗത്തിൽ അദ്ദേഹം പങ്കെടുത്തില്ലായെന്നു മാത്രമല്ല, അന്ന് ഫീസിബിലിറ്റി റിപ്പോർട്ട് തമിഴ്നാടിന് അനുകൂലമായുണ്ടാക്കി തീരുമാനമെടുക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉണ്ടായത്. ഇതേക്കുറിച്ച് നമ്മൾ അന്വേഷിക്കണ്ടേ? നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് ഇക്കാര്യത്തിൽ ഒരു ഉത്തരവാദിത്വവുമില്ലേ? ഗവൺമെന്റ് ഒരു ഉദ്യോഗസ്ഥനെ ഒരു ചുമതല ഏല്പിക്കുന്നത് അത് ഉത്തരവാദിത്വ ബോധത്തോടുകൂടി ചെയ്യാൻവേണ്ടിയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്തുകൊണ്ട് വിട്ടുനിന്നു എന്നുള്ളതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണം. ഞാൻ ഇവിടെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് മറുപടി പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അന്ന് ഒരു ചോദ്യം ചോദിച്ചു. ഈ ഉദ്യോഗസ്ഥൻ എന്തുകൊണ്ട് ഇതിൽനിന്ന് വിട്ടുനിന്നു എന്നതിനെക്കുറിച്ച് ഒരു അന്വേഷണം തന്നെ നടത്തണം. കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്തുകൊണ്ട് അതിൽ നിന്ന് മാറിനിന്നു എന്നുള്ളതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടതാണ്. ഇപ്പോഴും അക്കാര്യങ്ങൾ വളരെ പ്രധാനമായി നാം കാണണം. അച്ചൻകോവിൽ ആറ്റിൽനിന്നും അല്ലെങ്കിൽ പമ്പ ആറ്റിൽനിന്നും വെള്ളം ചോർത്തിക്കൊണ്ടുപോകാനുള്ള നടപടികൾ ഏത് തലത്തിലുണ്ടായാലും അതിനെ ശക്തിയുക്തം എതിർക്കാൻവേണ്ടിയുള്ള ഏർപ്പാടുകൾ ഉണ്ടാക്കി കേരളത്തിലെ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ സംയുക്തമായ തീരുമാനമെടുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. തീർച്ചയായും ആ അഭിപ്രായത്തിൽ മറ്റ് യാതൊരുവിധ താല്പര്യങ്ങളുമില്ലാതെ തന്നെ നമുക്ക് മുന്നോട്ട് പോകാൻ കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ഉപക്ഷേപത്തെ ശക്തിയുക്തം അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ഈ പ്രശ്നം ഇപ്പോൾ പെട്ടെന്നുണ്ടായതല്ല. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ ഭീഷണിയെ നാം നേരിട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. അടൂർ പ്രകാശ്, ശ്രീ. രാജു എബ്രഹാം അതിലേറെ പ്രതിപക്ഷനേതാവ് ഈ സഭയ്ക്കകത്തും പുറത്തും ഈ പ്രശ്നങ്ങൾ നമ്മുടെ ശ്രദ്ധയിലും ഗവൺമെന്റിന്റെ ശ്രദ്ധയിലും പെടുത്താൻ ശ്രമിച്ച സന്ദർഭത്തിലൊക്കെ വേണ്ട മുൻ കരുതലുകൾ മുൻകൂട്ടി സ്വീകരിക്കാൻ കഴിയാതെ പോയിയെന്ന ഖേദകരമായ വസ്തുത അവശേഷിക്കുന്നു. വളരെ വൈകിയാണ് നമ്മൾ ഈ ഉപക്ഷേപവുമായി വന്നിരിക്കുന്നത്. ദേശീയ ജലവികസന ഏജൻസി നമ്മുടെ ഫെഡറൽ സംവിധാനത്തെ തീരെ മാനിക്കാത്ത ഒരു സമീപനമാണ്. പക്ഷപാതപരമായ സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കണക്കിലെടുത്തില്ല എന്നുമാത്രമല്ല, പമ്പ-അച്ചൻകോവിൽ നദികളുടെ ഒഴുക്ക് മാറ്റിവിട്ടാൽ ഉണ്ടാകാവുന്ന, പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന അവസ്ഥാവിശേഷം തീരെ കണക്കിലെടുത്തില്ല. ഇവിടെ പരാമർശിക്കപ്പെട്ടപോലെ നമ്മുടെ നദികളുടെ പ്രഭവസ്ഥാനം സംരക്ഷിക്കേണ്ടത് പ്രകൃതിയെ സംരക്ഷിക്കാൻ തന്നെ ആവശ്യമാണ്. അതുപോലെതന്നെ കുട്ടനാടിന്റെയും മദ്ധ്യതിരുവിതാംകൂർ പ്രദേശത്തിന്റെയും ആവാസ വ്യവസ്ഥയെ ആകെ തകർക്കുന്ന ഒരു പദ്ധതിക്കാണ് ദേശീയ ജലവികസന ഏജൻസി രൂപം നൽകിയിരിക്കുന്നത്. നമ്മുടെ എം.പി.-മാർ സമയത്തിന് ഉണർന്ന് പ്രവർത്തിച്ച് കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ ഇത് അവതരിപ്പിച്ച് കേരളത്തിന്റെ അംഗീകാരമില്ലാതെ ഇത് മുന്നോട്ട് പോകില്ലായെന്ന ഒരു ഉറപ്പ് നേടിയെങ്കിലും ആ ഉറപ്പിൽ മാത്രം വിശ്വസിച്ച് നമുക്ക് ഇവിടെ ഇരിക്കാൻ കഴിയില്ല. ഈ ഉപക്ഷേപം പാസ്സാക്കുന്നതോടൊപ്പംതന്നെ ഈ നിയമസഭയുടെ അഖിലകക്ഷി നിവേദകസംഘം ഡൽഹിയിൽ പോയി കേന്ദ്രഗവൺമെന്റിന്റെ എല്ലാ ആളുകളേയും കണ്ട് ആ ഉറപ്പ് ഒരു ശക്തമായ ഉറപ്പാക്കി മാറ്റുന്നതിനും നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ, ഈ നദികളുടെ ജലവും മറ്റും ഉപയോഗിക്കാൻ നമ്മുടെ പ്രകൃതിയെ നിലനിർത്തിക്കൊണ്ടുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ആവശ്യമാണെങ്കിൽ നമ്മുടെ പ്രകൃതിയേയും നദികളേയും സംരക്ഷിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാനും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തിന്റെ, പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിന്റെ നിലനിൽപ്പിന് ആവശ്യമായ ഒരു വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി കൊണ്ടുവന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. തമിഴ്നാട് ഗവൺമെന്റ് രാഷ്ട്രീയമായും അല്ലാതെയുമുള്ള സമ്മർദ്ദം ഉപയോഗിച്ചുകൊണ്ട്, സംസ്ഥാനാന്തര നദീജല കരാറുകളെ മുഴുവൻ ലംഘിച്ചുകൊണ്ടുമൊക്കെ നമുക്ക് ലഭിക്കേണ്ടുന്ന വെള്ളം കൈവശപ്പെടുത്തിക്കൊണ്ടുപോകുന്നതിന് ഉപരിയായി നമ്മുടെ സ്വന്തമായ നദികളിലെ വെള്ളംപോലും കവർന്നെടുക്കുന്നതിനുള്ള ഗൂഢ

LIBRARY ARCHIVES Kerala Legislative Assembly

നീക്കമാണ് ഈ നദീജല സംയോജന പദ്ധതിയുടെ മറവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അച്ചൻകോവിൽ-പമ്പ നദികളിലെ ജലത്തെ സംബന്ധിച്ച് ഇത് മിച്ചജലമാണെന്നുള്ള നിലയിൽ നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പഠനം തെറ്റാണെന്ന് നമ്മുടെ ഏജൻസിയായ സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനം തെളിയിച്ചിട്ടും അത് അംഗീകരിക്കാതെ കൂടുതൽ വിദഗ്ദ്ധ പഠനം വേണമെന്നുപറഞ്ഞുകൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം വാസ്തവത്തിൽ കേരളത്തിന്റെ ന്യായമായ നിലപാടിനെ തകർക്കാനുള്ള ഗൂഢമായ തന്ത്രം മാത്രമായേ നമുക്ക് കാണാൻ കഴിയൂ. അതുകൊണ്ടു തന്നെ നമ്മുടെ എം.പി.-മാർ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടപ്പോൾ കൊടുത്ത ചില ഉറപ്പുകൾ വിശ്വസിച്ചുകൊണ്ട് നമുക്ക് അടങ്ങിയിരിക്കാൻ കഴിയില്ല. നമ്മുടെ നദി സംയോജന പദ്ധതിയിൽ പഠനം പൂർത്തിയാക്കിയ 6 പ്രധാനപ്പെട്ട പെനിൻസുലാർ പ്രോജക്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് എന്നുപറയുന്നത് പമ്പ-അച്ചൻകോവിൽ നദീസംയോജനമാണ്. ആ രണ്ട് നദികളും പൂർണ്ണമായും കേരളത്തിൽ ഉത്ഭവിച്ച് കേരളത്തിൽ വികസിച്ച് കേരളത്തിൽ അവസാനിക്കുന്ന നദികളെന്നുള്ള നിലയിൽ അത് നമ്മുടെ നിലനില്പിനെ വളരെ ബാധിക്കുമെന്നുള്ളതുകൊണ്ടും മിച്ച ജലം ഇല്ല എന്നുള്ളതുകൊണ്ടും നമുക്കെതിരായ നീക്കം ഉണ്ടാകില്ല എന്നുള്ള നാമമാത്ര പറച്ചിലിൽ അവസാനിപ്പിക്കാതെ ഈ നദീജല സംയോജന പദ്ധതി കൺസിഡർ ചെയ്യുന്ന വിവിധ സ്കീമുകളിൽ നിന്ന് പമ്പ-അച്ചൻകോവിൽ പദ്ധതിയെ റിമൂവ് ചെയ്യുന്ന നടപടിയുണ്ടാകുന്നതുവരെ നമുക്ക് കണ്ണിൽ എണ്ണയൊഴിച്ച് കാത്ത് നിൽക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഉദ്യോഗസ്ഥ തലത്തിലും മറ്റ് തലങ്ങളിലുമുള്ള അലംഭാവം നമുക്ക് മാറ്റേണ്ടതായിട്ടുണ്ട്. നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഫൈനലൈസേഷൻ വേളയിൽ നമ്മുടെ ഉദ്യോഗസ്ഥൻമാർ പോയില്ല എന്നുള്ള ഗുരുതരമായ ആക്ഷേപം നിലനിൽക്കുന്നു. പലപ്പോഴും നദീജലത്തെ സംബന്ധിച്ചുള്ള തർക്കങ്ങളിൽ നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നാം വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലായെന്നുള്ളതാണ് വസ്തുത. ആ നിലയിൽ നമ്മുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി വന്നിരിക്കുന്ന ഈ പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കുന്നതുവരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. ഷാജു:</u> സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുകയാണ്. ചരിത്രം തിരുത്തുവാനും, വളച്ചൊടിക്കുവാനുംവേണ്ടി പരിശ്രമിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് രാജ്യത്തിന്റെ ഭൂമിശാസ്ത്രവുംകൂടി മാറ്റിമറിക്കാൻ വേണ്ടി ആസൂത്രിതമായി അവതരിപ്പിച്ചിട്ടുള്ള ഭൗതികമായ ഒരു അഭിനിവേശംതന്നെയാണ് നദീ സംയോജന പദ്ധതി. അച്ചൻകോവിൽ, പമ്പാ, വൈപ്പാർ സംയോജനം കേരളത്തിൽ പ്രത്യേകിച്ചും തിരുവിതാംകൂറിന്റെ, മധ്യതിരുവിതാംകൂറിന്റെ, കുട്ടനാടിന്റെ ഭൂമിശാസ്ത്രം തകിടം മറിക്കാൻ പോകുകയാണ്. ലോകത്തിൽ ഏറ്റവും വലിയ തണ്ണീർത്തടമായിട്ടുള്ള കുട്ടനാട് കായലിലെ ജൈവ വൈവിധ്യങ്ങളുടേയും ജന്തുജാലങ്ങളുടേയും ആവാസ വ്യവസ്ഥ കീഴ്മേൽ മറിയാൻ പോകുകയാണ്. ഇത് അനുവദിച്ചുകൊടുത്താൽ കേരളത്തിന്റെ പ്രത്യേകിച്ചും തെക്കൻ കേരളത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും.

LIBRARY ARCHIVES Kerala Legislative Assembly

മഴക്കാലത്ത് അധികജലം ഉണ്ടാകുന്നു എന്നുള്ളതാണ് പ്രചരണം. സമുദ്രനിരപ്പിൽനിന്ന് താഴ്ന്ന് നിൽക്കുന്ന മേഖലയാണ് ഈ രണ്ടു നദികളുടെയും സഞ്ചാരപഥമെന്നുപറയുന്നത്. ഇവിടെയുള്ള നദികളുടെ സഞ്ചാരപഥത്തെ തടയുകയോ തടസ്സപ്പെടുത്തുകയോ ചെയ്താൽ ഓരുവെള്ളം കടന്നുവരിക എന്നുള്ള പ്രതിഭാസമാണ് ഉണ്ടാകാൻ പോകുന്നത്. ഓരുവെള്ളം കടന്നുവന്നാൽ, കൃഷിക്ക് വെള്ളമെത്തിക്കാൻ വേണ്ടിയിട്ടുള്ള പദ്ധതികൾ ഉണ്ടാക്കിയാൽ പോലും, ഓരുജലം ഒഴുകി എത്തി അവിടെ കൃഷി ആകെ നശിക്കും; അങ്ങനെ ദുരന്തം ഉണ്ടാകും. അധികജലം ഒഴുകുന്നു എന്നുള്ള പ്രചരണം ഉണ്ടാകുമ്പോൾ അതിനെ സംരക്ഷിച്ചു നിർത്താൻവേണ്ടി ഉണ്ടാകാൻ പോകുന്ന എല്ലാ പദ്ധതികളേയും എതിർക്കുന്ന ഒരു വിഭാഗം ആളുകൾ ഇവിടെ കേരളത്തിലുണ്ട്. അവരാണ് പരിസ്ഥിതി വാദികൾ. ഇപ്പോൾ ഒരക്ഷരവും പറയുന്നില്ല. പുതിയ ഏത് പദ്ധതി വന്നാലും അതിനെ തകർക്കാൻ ശ്രമിക്കുന്ന പരിസ്ഥിതി വാദികൾ ഈ പ്രശ്നത്തിന് ഉത്തരവാദികൾ ആണെന്നുള്ള അഭിപ്രായം കൂടി എനിക്കുണ്ട്. എന്തായാലും കേരളത്തിന്റേയും തിരുവിതാംകൂറിന്റേയും നിലനില്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ ഗൗരവപൂർവ്വമായി കാണുവാൻ ഗവൺമെന്റെടുത്ത സമീപനത്തോട് യോജിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. ബി ഗണേഷ്കുമാർ: ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും ഈ കാര്യത്തിൽ വളരെ വൈകിയാണെങ്കിലും സ്തുത്യർഹമായ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സഭയിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ ഈ വിഷയത്തെപ്പറ്റി വളരെ തുറന്ന ചർച്ചയ്ക്ക് അവസരം ഉണ്ടായതിൽ സന്തോഷമുണ്ട്. എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കൻഭാഗമായ അച്ചൻകോവിൽ, കോട്ടവാസൽ മലകളിലെ തൂവൽമലയിൽ നിന്നാണ് അച്ചൻകോവിൽ ആറിന്റെ ഉത്ഭവം. ഒരു ചെറിയ ജലസ്രോതസ്സിൽ ആരംഭിച്ച് വലിയ നദിയായി കേരളത്തിന്റെ മധ്യ തിരുവിതാംകൂറിലൂടെ ഒഴുകി സമുദ്രത്തിൽ പതിക്കുന്ന നദിയാണ്. അടുത്ത വീട്ടിൽ ഒരു നല്ല ടി. വി. ഉണ്ട്. അത് കൊള്ളാവുന്നതുകൊണ്ട് എന്റെ വീട്ടിൽ കൊണ്ടുവരിക എന്നുള്ളത് തമിഴ്നാട്ടുകാരന്റെ സങ്കല്പമാണ്. ഇതിനെ നമ്മുടെ നാട്ടിൽ മോഷണം എന്നാണ് പറയുന്നത്. തമിഴ്നാട് ഗവൺമെന്റ് കേരളത്തിലെ അച്ചൻകോവിൽ ആറിൽ കൂടുതൽ വെള്ളമുണ്ടാകുന്നു എന്നു വരുത്തിത്തീർത്തുകൊണ്ട് വളഞ്ഞ വഴിയിലൂടെ ഇവിടെ രണ്ട് മൂന്ന് തടയണകൾ കെട്ടി വെള്ളം ശേഖരിച്ച് ടണൽ വഴി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോയി മേക്കര ഡാമിൽ നിർത്താം എന്നുള്ള സങ്കല്പത്തിലാണ് മുന്നോട്ടു പോകുന്നത്. നടക്കാൻ പോകുന്നത് ജലസ്രോതസ്സുകളിൽ നിന്ന് നമ്മുടെ നാട്ടിലെ ജലം മോഷ്ടിച്ചുകൊണ്ടുപോകാനുള്ള ശ്രമമാണ്. ഇത് തടയാൻ വേണ്ടി നമ്മൾ ശക്തമായ നടപടികൾ കൈക്കൊള്ളണം. പ്രതിപക്ഷനേതാവ് അടക്കമുള്ള നേതാക്കളും മാധ്യമങ്ങളും പലപ്പോഴും പറയാറുണ്ട് അച്ചൻകോവിലിൽ ജലം കൊണ്ടുപോകാനുള്ള ടണൽ നിർമ്മിച്ചുകഴിഞ്ഞു എന്ന്. അവിടുത്തെ എം.എൽ.എ. എന്ന നിലയിലും അവിടെയുള്ള ബന്ധങ്ങളും വെച്ച് ഞാൻ തമിഴ്നാട്ടിലേക്ക് ആളുകളെ വിട്ട് പരിശോധിച്ചപ്പോൾ വ്യക്തിപരമായി എനിക്ക് അറിയാൻ കഴിഞ്ഞത് അവിടെ അത്തരത്തിലുള്ള ഒരു ടണൽ നിർമ്മിക്കുകയോ വെള്ളം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകാനുള്ള നടപടിയോ ഇപ്പോൾ ഇല്ല എന്നാണ്. മേക്കര ഡാമിലെ വെള്ളം അറുപതടിയോളം വന്നു എന്ന് മാധ്യമങ്ങൾ പറഞ്ഞിരിക്കുന്നു. ഈ വർഷം ഈ പ്രദേശത്ത് നല്ല മഴ ലഭിച്ചതുകൊണ്ടാണ് ആ ഡാമിൽ അത്രയും വെള്ളം വന്നത്. അവിടെ നിന്ന് വെള്ളം കൊണ്ടുപോകാനുള്ള ഒരു പദ്ധതി തമിഴ്നാട് വിഭാവനം ചെയ്തു എന്നത് ശരിയാണ്. പക്ഷേ ഇപ്പോൾ ജലം കൊണ്ടുപോകുന്നില്ല. സഹ്യപർവ്വതത്തിന്റെ വിവിധ ഭാഗങ്ങളിൽ, കേരളത്തിൽ അങ്ങോളം ഇങ്ങോളം തമിഴ്നാട്ടിന്റെ ഭാഗത്തുനിന്നും, നമ്മുടെ ചെറിയ ചെറിയ ജലസ്രോതസ്സുകളിൽ നിന്നും വെള്ളം കൊണ്ടുപോകുന്ന ഒരു നടപടിയുണ്ട്. അത് തടുക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അതുപോലെതന്നെ പോലീസിന്റേയും സ്ഥിരം സംവിധാനം ഉണ്ടാകണം. ഈ വന പ്രദേശങ്ങളിൽ എവിടെയെങ്കിലും ജലസ്രോതസ്സുകൾ തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നോ എന്നറിയാൻ വേണ്ടിയുള്ള ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം. മാത്രമല്ല ഇത്തരം ചർച്ചകളിൽ പങ്കെടുക്കാൻ ഡൽഹിയിലേക്കും, കേന്ദ്രഗവൺമെന്റിലേക്കും മറ്റും പോകുന്ന ഉദ്യോഗസ്ഥൻമാർ സമർത്ഥൻമാരാണെന്ന് ഉറപ്പുവരുത്തണം. ഇല്ലെങ്കിൽ ഇതുപോലുള്ള റിപ്പോർട്ടുകൾ, ധാരാളം വെള്ളമുണ്ട് എന്നതുപോലുള്ള റിപ്പോർട്ടുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. മുൻകാലങ്ങളിൽ ഈ പ്രദേശത്തെ twin Kallar പദ്ധതി ഉപേക്ഷിച്ചതിന്റെ ഭാഗമായി ഇപ്പോൾ എനിക്ക് അറിയാൻ കഴിഞ്ഞത് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ഉല്പാദിപ്പിക്കുന്ന മൂന്ന് ചെറിയ പദ്ധതികൾ ഈ പ്രദേശത്ത് തുടങ്ങാൻ ആലോചിക്കുന്നു എന്നാണ്. അച്ചൻകോവിൽ ആറ്റിൽ മൂന്ന് സ്ഥലങ്ങളിലായി ഡാമുകൾ പണിത് എന്റെ നിയോജകമണ്ഡലമായ പത്തനാപുരവും ശ്രീ. അടൂർ പ്രകാശിന്റെ നിയോജകമണ്ഡലമായ കോന്നിയും കേന്ദ്രീകരിച്ച് മൂന്ന് ചെറിയ അണകൾ കെട്ടിക്കൊണ്ട് അവിടെ വൈദ്യുതി നിർമ്മിക്കാനുള്ള പദ്ധതി ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലുണ്ട്. ആ പദ്ധതി നടപ്പിലാക്കി കേരളത്തിലെ ഈ ജലം മഴ പെയ്താൽ 24 മണിക്കൂറിനുള്ളിൽ കടലിൽ എത്തിച്ചേരുമെന്നു പറയുന്ന ജലം നഷ്ടപ്പെടാതെ നമ്മൾ നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ഉപക്ഷേപം ഈ നാടിന്റെ നന്മക്ക്---പ്രത്യേകിച്ചും മധ്യതിരുവിതാംകൂറിന്റെ---കേരളത്തിന്റെ മുഴുവൻ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുകയും അന്യസംസ്ഥാനങ്ങൾ ഇത് ചോർത്തിക്കൊണ്ട് പോകാതിരിക്കാൻ ശ്രമിക്കുന്നതിനുള്ള ഒരു നടപടിയുടെ സ്തുത്യർഹമായ പ്രവർത്തനമായി കണ്ടുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുകയാണ്. പമ്പാ-അച്ചൻകോവിൽ മുതൽ സംസ്ഥാനത്തെ ലഭിക്കാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും വെള്ളം അടിച്ചെടുക്കുക എന്നുള്ളത് തമിഴ്നാട്ടിന്റെ ഒരു സ്വഭാവമായി മാറിയിരിക്കുകയാണ്. നമ്മൾ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അത് അവരുടെ ആവശ്യമാണ്. പക്ഷെ ആ ആവശ്യത്തെ പലരീതിയിൽ നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ നദികളിലെ ജലം ഉപയോഗിച്ച് 400 കോടി യൂണിറ്റ് വൈദ്യുതിയാണ് തമിഴ്നാട് ഉല്പാദിപ്പിക്കുന്നത്. കേരളത്തിൽ 680 കോടി യൂണിറ്റ് വൈദ്യുതി ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മുള്ളതിൽ പകുതി നമ്മുടെ ജലത്തിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്. നമ്മൾ ഇവിടെ ഉല്പാദിപ്പിക്കുന്നത് 400 കോടി യൂണിറ്റ് വൈദ്യുതിയാണ്. 2000 കോടി രൂപയുടേത്. നമ്മൾ എന്നിട്ട് വേറെ വിലകൊടുത്ത് വാങ്ങുന്നു. ഇത് ആരുടെ കുഴപ്പമാണ്? ഈ സംസ്ഥാനത്തുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും ഉത്തരവാദിയാണ് എന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനത്തെ ജലവിഭവ കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ട് എട്ടു മാസമായി. മന്ത്രി ഇത് എന്താണ് അറിയാതിരിക്കുന്നത്? അതിന്റെ യോഗം ഇതുവരെ കൂടാതിരിക്കുന്നതിന്റെ കാരണമെന്താണ്? കൗൺസിൽ കൂടിയിട്ടില്ല. ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എല്ലാ കാലഘട്ടങ്ങളിലും നമ്മൾ പരാജയപ്പെട്ടു. നിഷേധിക്കാൻ കഴിയില്ല. ഇപ്പോൾ പമ്പാ-അച്ചൻകോവിലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കോൺഫറൻസ് നടക്കുകയുണ്ടായി. അവിടെവച്ച് തീരുമാനമെടുത്തു. പിന്നെ പത്ര മാധ്യമങ്ങളിലൂടെ ഈ വാർത്ത പ്രചരിപ്പിച്ചു. പ്രചരണം കൊണ്ടുവരാൻ പോകുന്ന അപകടംകൂടി അങ്ങയുടെ മുമ്പിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തമിഴ്നാട്ടിൽ നമ്മുടെ ആയിരക്കണക്കിന് മലയാളികളുണ്ടെന്ന് അറിയണം. നമ്മുടെ ഫോഴ്സ് ഉപയോഗിച്ചുകൊണ്ട് നമ്മുടെ വെള്ളം കളയാതിരിക്കാൻ കഴിയുമെന്നുള്ള നിലയുള്ളപ്പോൾ എന്തിന് ഈ തർക്കം വലിയ വാർത്തയാക്കി മാറ്റി തമിഴ്നാട്ടിലുള്ള നമ്മുടെ സഹോദരങ്ങളെ അവിടെ നിന്ന് അടിച്ചോടിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു എന്നുകൂടി പരിശോധിക്കണം. ,ഈ ഗവൺമെന്റ് ഒരു കാര്യംകൂടി ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ അടുത്തകാലത്ത് തിരുവനന്തപുരം കോടതിയിൽ ഒരു കേസ് ഉണ്ടായി. ആ കേസ് അങ്ങേയ്ക്ക് അറിയാമോ? തമിഴ്നാട്ടിൽ രണ്ടായിരം ഏക്കർ സ്ഥലം വാങ്ങി കച്ചവടം നടത്തിയതിൽ ഇവിടുത്തെ ഒരു വലിയ രാഷ്ട്രീയ നേതാവിന് ബന്ധമുണ്ടെന്ന് മാത്രമല്ല അതിൽ പങ്കാളി ആയിരുന്നവരെ ഒഴിച്ചുനിർത്തിക്കൊണ്ട് കള്ളക്കച്ചവടം നടത്തിയെന്നു പറഞ്ഞ് ബഹുമാനപ്പെട്ട കോടതി കേസ് എടുത്തിരിക്കുകയാണ്. ഇവിടുത്തെ പമ്പാ-അച്ചൻകോവിലിലെ വെള്ളം മാത്രം കൊണ്ട് ഫലഭൂയിഷ്ഠമാക്കാവുന്ന മേഖലയാണ് തിരുനെൽവേലി. ആ തിരുനെൽവേലിയിൽ രണ്ടായിരം ഏക്കർ ഭൂമിയുള്ള ഒരു രാഷ്ട്രീയ നേതാവ് കേരളത്തിലുണ്ട്. ഞാൻ ആരുടെയും പേരുപറയാൻ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ട് ഈ രാഷ്ട്രീയ നേതാക്കൻമാർ മന്ത്രിമാരായിരിക്കുന്നവർ അല്ലെങ്കിൽ ഉത്തരവാദിത്വമുള്ള എം.എൽ.എ.-മാർ തമിഴ്നാട്ടിൽപോയി രണ്ടായിരം ഏക്കർ സ്ഥലം മേടിച്ച് വിൽക്കുന്നു എന്നു പറഞ്ഞാൽ എന്താണ് ഉദ്ദേശം. അവിടുത്തെ ഭരണകക്ഷികളുമായി അവിഹിത ബന്ധം സ്ഥാപിച്ച് ഈ കച്ചവടത്തിന് കൂട്ടുനിൽക്കുന്നു എന്നുള്ളതല്ലേ സത്യം? എന്നിട്ട് ഇവിടെ വന്ന് പ്രസംഗിക്കുകയാണ്. ഇതിൽ വല്ല അർത്ഥവുമുണ്ടോ? കൂട്ടായ പ്രയത്നത്തിലൂടെ കേരളത്തിലെ ജലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: പമ്പാ-അച്ചൻകോവിൽ വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടായേക്കാവുന്ന അപകടകരമായ സ്ഥിതിയെക്കുറിച്ച് ഇവിടെ വളരെ വ്യക്തമായി പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. രൂക്ഷമായിട്ടുള്ള കുടിവെള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാമം പത്തനംതിട്ടയിലും കോട്ടയം ജില്ലയിലും ഉണ്ടാകുന്നുണ്ട്. കുട്ടനാട്ടിൽ അടിഞ്ഞു കൂടുന്ന മാലിന്യകൂമ്പാരങ്ങൾ കടലിലേക്ക് ഒഴുക്കാൻ പറ്റാത്ത സാഹചര്യം ഈ വൈപ്പാർ പദ്ധതി നിലവിൽ വരുന്നതോടുകൂടി വരികയാണ്. ഇതിന് നമ്മുടെ സംസ്ഥാനത്തിന്റെ ഒന്നാകെയുള്ള വികാരം ഇന്നിവിടെ പ്രകടിപ്പിക്കുകയും ബന്ധപ്പെട്ട ഭരണകൂടങ്ങളെ അറിയിക്കുകയും ചെയ്യുമ്പോൾ നല്ല മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ചില കാര്യങ്ങളിലൊക്കെ വലിയ സന്തോഷമുണ്ടായി. കേന്ദ്ര കർമ്മ സമിതിയുടെ ചെയർമാൻ സുരേഷ്പ്രഭു, എം.പി., ഇത് സംസ്ഥാന ഗവൺമെന്റുമായി ആലോചിക്കാതെ ഒരു കാര്യവും മുന്നോട്ടു പോകുകയില്ലെന്ന് വെളിപ്പെടുത്തുകയുണ്ടായി. അതുപോലെ തന്നെ കേന്ദ്രം, പാർലമെന്റിൽ ഈ പദ്ധതി സംബന്ധിച്ച് പമ്പാ, അച്ചൻകോവിൽ ലിങ്ക് പദ്ധതി സംസ്ഥാന സർക്കാരിന്റേയും കൂടി അതായത് ,കേരള സംസ്ഥാനത്തിന്റേയും കൂടി അനുവാദത്തോടു കൂടി മാത്രമേ നടപ്പിലാക്കി മുന്നോട്ടു പോകുകയുള്ളൂ എന്നും പറയുകയുണ്ടായി. തമിഴ്നാട് ഗവൺമെന്റ് കേന്ദ്ര സർക്കാരിന്റെ ഒരു പരിധിവരെയുള്ള ഒത്താശ യോടുകൂടി ഈ പദ്ധതിയുമായി മുന്നോട്ടുപോകുകയാണെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ചെങ്കോട്ടയ്ക്കടുത്ത് മേക്കരയിൽ 17.4 ഘന അടി ജലസംഭരണ ശേഷി യുള്ള അടവിനൈനാർ അണക്കെട്ട് പൂർത്തിയായി എന്ന പല തരത്തിലുള്ള റിപ്പോർട്ടുകൾ വരുന്നുണ്ട്. അങ്ങനെ ആണെങ്കിൽ ഇത് എന്തിനുവേണ്ടി എന്ന ചോദ്യം ഉയരുന്നു. 1600 കോടി രൂപ ഇതിനായി തമിഴ്നാട് ഗവൺമെന്റ് ചെലവഴിച്ചു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെ അച്ചൻകോവിലാറ്റിൽനിന്നും ഈ അണക്കെട്ടിലേയ്ക്ക് വെള്ളം ചോർത്താൻവേണ്ടി തമിഴ്നാട് ടണൽ നിർമ്മാണം നടത്തിവരുന്നതായിട്ടും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതുപോലെതന്നെ ജലവൈദ്യുതപദ്ധതിക്കായി അവിടെ വൈദ്യുതനിലയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായിട്ടും റിപ്പോർട്ടുകളുണ്ട്. അച്ചൻകോവിലാറ്റിൽനിന്നും ഇപ്പോൾ ജലം എടുക്കുന്നില്ല എന്നാണ് തമിഴ്നാട് ഗവൺമെന്റ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ അച്ചൻകോവിലാറ്റി ലേയ്ക്ക് വൈപ്പാർ പദ്ധതി സ്ഥലത്തേയ്ക്ക് വെള്ളം വരുന്നത് ഹനുമാൻ തോട്ടിൽ നിന്നാണ്. ഈ ഹനുമാൻ തോട്ടിൽ ഇതിനുള്ള ജലം ലഭ്യമല്ല എന്ന് വളരെ വ്യക്തമായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. പിന്നെ എങ്ങനെ ഈ വൈപ്പാർ പദ്ധതി പ്രദേശ ത്തേയ്ക്ക് വെള്ളം ഉണ്ടായി എന്നുള്ളതുസംബന്ധിച്ച് വ്യക്തമായ ഒരു മറുപടി തരാൻ തമിഴ്നാട് ഗവൺമെന്റിന് കഴിയുന്നില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അതു സംബന്ധിച്ച് ഒരു പഠനം അനിവാര്യമായി വന്നിരിക്കുന്ന ഒരു സന്ദർഭത്തിലാണ് നമ്മുടെ നിയമസഭാ കമ്മിറ്റിയെ അങ്ങോട്ട് ഒന്നയച്ച് പരിശോധിക്കാൻ വേണ്ടിയുള്ള തീരുമാനം നമ്മൾ എടുത്തിട്ടുള്ളത്. ആ സന്ദർഭത്തിൽ ഇതു സംബന്ധിച്ച് പത്രവാർത്ത തമിഴ്നാട്ടിലും ഉണ്ടായിരുന്നതാണ്. ഇന്നത്തെ വർത്തമാനപത്രത്തിൽ പലതിലും കാണാൻ കഴിഞ്ഞു, തമിഴ്നാട് ഗവൺമെന്റ് ഒരു സംഘത്തേയും അങ്ങോട്ട് കയറ്റാൻ അനുവദി ക്കുകയില്ല എന്ന്. കഴിഞ്ഞ ദിവസം രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ അങ്ങോട്ടു പോയപ്പോൾ അവിടെയും ഉദ്യോഗസ്ഥർ തടയുകയുണ്ടായി. ഇവിടെ ഈ സന്ദർഭത്തിലും പറയുന്നത് അങ്ങോട്ട് ആരേയും കയറ്റാൻ സമ്മതിക്കുന്നില്ല. അങ്ങനെയെങ്കിൽ ഈ തമിഴ്നാടിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വളരെ ശക്തമായ ഒരു സംശയം ഉണ്ടാവുകയാണ്. അങ്ങനെ വരുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നേരിടു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുള്ള നടപടികൾ തന്നെയാണ് നമ്മൾ അവലംബിക്കേണ്ടത്. അവരുടെ റിപ്പോർട്ടുകളും അവരുടെ വർത്തമാനങ്ങളും കേട്ടുകൊണ്ടുമാത്രം മുന്നോട്ടുപോയാൽ തീർച്ചയായിട്ടും അപകടം സംഭവിക്കും. ഈ പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമാണ്. തമിഴ്നാട് ഗവൺമെന്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇവിടെ നമ്മളെ സംബന്ധിച്ചിടത്തോളം നമ്മെക്കുറിച്ച് പറയുന്ന ഏറ്റവും വലിയ ഒരു പരാതി ' ഇവിടെ വെള്ളം ഒരുപാടുണ്ട് എന്നാണ്. വെള്ളം ഒരുപാടുള്ള ഒരു സംസ്ഥാനത്തിന് എന്തുകൊണ്ട് മറ്റു സംസ്ഥാനങ്ങൾക്ക് അല്പം വെള്ളം കൊടുത്തുകൂടാ എന്ന ചോദ്യം കേൾക്കുമ്പോൾ അതു കേൾക്കുന്ന ആളുകളൊക്കെ അത് ശരിയല്ലേ എന്നാണ് ചോദിക്കുക. ഇതിന് വളരെ ശക്തമായ ഒരു നിലപാട് നമ്മുടെ സംസ്ഥാന ഗവൺമെന്റ് എടുത്തേ മതിയാകൂ. നമുക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല എന്ന് ശരിയായ നിലയിൽ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതു സംബന്ധിച്ച് പഠനം നടത്തിയ കോഴിക്കോട് കേന്ദ്രമായിട്ടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് അവരുടെ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുള്ളത് കുറച്ചു നാളുകൾ കഴിഞ്ഞാൽ ഈ പറഞ്ഞ അച്ചൻകോവിലാറും പമ്പയാറും വറ്റിപ്പോകുമെന്നാണ്. അതുപോലെതന്നെ നമുക്കാവശ്യമായ ജലം ലഭ്യമാകുകയില്ലെന്നും പറയുകയുണ്ടായി. ഈ കാര്യം വളരെ വ്യക്തമായി അടിവരയിട്ട് ജനങ്ങളെ അറിയിക്കുക, തമിഴ്നാടിനെ അറിയിക്കുക, കേന്ദ്രത്തെ അറിയിക്കുക എന്നുള്ളതാണ് ഫലപ്രദമായ ഒരു നടപടി. അതുകൊണ്ട് ജനങ്ങളുടെ ഒന്നാകെയുള്ള വികാരം കണക്കിലെടുത്തുകൊണ്ട് ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നീങ്ങുന്നതിൽ സന്തോഷമുണ്ട്. ഞാൻ വളരെ സന്തോഷപൂർവ്വം, വളരെ അഭിമാനപൂർവ്വം ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പി.ടി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കിഴക്കോട്ടൊഴുകുന്ന മൂന്നു നദികളടക്കം 44 നദികൾകൊണ്ട് സമൃദ്ധമാണ് കേരളം എന്നാണ് നമ്മൾ അഭിമാനിക്കുന്നത്. പക്ഷേ ജലഉപഭോഗത്തിന്റെ കാര്യത്തിൽ ഏറ്റവും രൂക്ഷമായ വരൾച്ച നേരിടുന്ന രാജസ്ഥാനേക്കാൾ പിന്നിലാണ് കേരളം എന്നുള്ളത് ഒരു വസ്തുതയാണ്. കേരളത്തിലെ 44 നദികളിലും കൂടിയുള്ള നീരൊഴുക്ക് എന്നുപറയുന്നത് 72,000 ചതുരശ്ര ഘന മീറ്ററാണ്. ഈ വെള്ളം പലപല തന്ത്രങ്ങളുപയോഗിച്ചുകൊണ്ട് തമിഴ്നാട് കവർന്നെടുക്കുകയാണ്. അതിന് തമിഴ്നാടിനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല എന്നിവിടെ പലരും പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഇവിടെ വളരെ പ്രബലമായ ഒരു ധാരണ നിലനിൽക്കുന്നുണ്ട്. കേരളത്തിന് ആവശ്യമായ വെള്ളം ഉണ്ടായിരുന്ന ഘട്ടത്തിൽ വെള്ളം ഉണ്ടെന്നുള്ള ധാരണയിലാണ് കരാറുകളൊക്കെയുണ്ടായത് എന്ന ധാരണ നാട്ടിൽ നിലനിൽക്കുന്നു. ഇതുവളരെ തെറ്റായ ഒരു ധാരണയാണ്. 1958-ൽ പി. എച്ച്. വൈദ്യനാഥനും 1974-ൽ കെ. ഭരതനും നടത്തിയ രണ്ടു പഠനങ്ങളാണ് ഇത് സംബന്ധിച്ച് നിലവിലുള്ള ശ്രദ്ധേയമായ പഠനം. അതിനു ശേഷം 1991-96-ൽ നിയമസഭ അഡ്ഹോക്ക് കമ്മിറ്റി നടത്തിയ ഒരു പഠനമാണ് ഏറ്റവും ആധികാരികമായി നിൽക്കുന്ന മൂന്നാമത്തെ ഒരു പഠനം. ഈ മൂന്നു പഠനങ്ങളിലും കേരളത്തിൽ അധികജലമില്ല എന്നു കണ്ടെത്തിയിട്ടുണ്ട്. ഇന്ന് മുല്ലപ്പെരിയാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആയാലും പറമ്പിക്കുളം-ആളിയാറിന്റെ ആയാലും നെയ്യാറിൽനിന്നും കരാറില്ലാതെ കൊടുക്കുന്ന വെള്ളത്തിന്റെ കാര്യത്തിലായാലും ശിരുവാണിയിലെ വെള്ളം തമിഴ്നാടിനു കൊടുത്തത് കുപ്പിയിലാക്കി ബിസ്ലേരിയായി വിൽക്കുന്ന തമിഴ്നാടിന്റെ കച്ചവട സംബന്ധമായ കാര്യമായാലും കാവേരി നദീജലപ്രശ്നത്തിൽ കേരളത്തിന്റെ വിഹിതം വാങ്ങുന്നതിൽ നമുക്കുണ്ടായ പോരായ്മയിലൊക്കെയായാലും നിഴലിച്ചുകാണുന്ന ഏറ്റവും പ്രധാന പ്രശ്നം രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം മാത്രമാണ്. 1958 നവംബർ 9-ന് അന്നത്തെ മദ്രാസ് മുഖ്യമന്ത്രിയായിരുന്ന കെ. കാമരാജും അന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും തമ്മിലാണ് പറമ്പിക്കുളം-ആളിയാറും മുല്ലപ്പെരിയാറും സംബന്ധിച്ചുള്ള പ്രാഥമിക കരാറിൽ ഒപ്പുവച്ചത്. ആ കരാർ കേരളത്തിന്റെ മരണമണിയായി മാറും എന്ന് അന്നുതന്നെ മുന്നറിയിപ്പ് ഉണ്ടായിരുന്നു. ചില ആൾക്കാർ പറയുന്നത് ഇത് ഇപ്പോൾ മാത്രമാണ് ഉയർന്നുവന്നിരിക്കുന്നത്. ജലക്ഷാമം ഉണ്ടായതു കൊണ്ട് ഇപ്പോൾ മാത്രമാണ് ശ്രദ്ധിക്കുന്നത് എന്നാണ്. എന്റെ കയ്യിലിരിക്കുന്നത് 'വീക്കിലികേരള' എന്നുപറയുന്ന പ്രസിദ്ധീകരണത്തിന്റെ കോപ്പിയാണ്. കൊച്ചിയിൽ നിന്നിറങ്ങുന്ന 'വീക്കിലി കേരള'യിൽ The Scrutretor (സ്ക്രൂട്ടേറ്റർ) എന്നു പറയുന്ന തൂലികാ നാമത്തിൽ തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ വളരെ ആധികാരികമായിതന്നെ നമ്മുടെ നദികൾ തീറെഴുതുന്ന നടപടി കേരളത്തിന്റെ അന്ത്യം കുറിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു എന്നുമാത്രമല്ല, പിന്നീട് പ്രസിദ്ധ നായിത്തീർന്ന മലയാറ്റൂർ രാമകൃഷ്ണൻ ഒരു കാർട്ടൂൺ വരച്ചിരുന്നു. ആ കാർട്ടൂണാണ് എന്റെ കയ്യിലിരിക്കുന്നത്. ആ കാർട്ടൂണിൽ കേരളത്തിന്റെ നദീജലസമ്പത്തുകൾ 'റിവർ വാട്ടേഴ്സ് ഓഫ് കേരള' തമിഴ്നാട് മുഖ്യമന്ത്രിയുടെ കയ്യിലേക്ക് താലത്തിൽ വച്ചു കൊടുക്കുന്ന നമ്പൂതിരിപ്പാടിന്റെ ഒരു പടവും അതിന്റെ പിന്നിൽ famine എന്നു ചിത്രീകരിക്കുന്ന ഭീകരനായ ഒരു കഴുകൻ നിൽക്കുന്ന പടവുമാണ് അന്ന് മലയാറ്റൂർ പേരു വയ്ക്കാതെ വരച്ച കാർട്ടൂണിൽ ഉണ്ടായിരുന്നത്. ഇത് സൂചിപ്പിക്കുന്ന ഒരു കാര്യം കേരളത്തിലെ നദീജല കരാറുകൾ അപകടം വരുത്തും എന്ന മുന്നറിയിപ്പ് അന്നേ ഉണ്ടായിരുന്നുവെന്നാണ്. മാത്രമല്ല, 1958 കാലഘട്ടത്തിൽ പി.ഡബ്ലിയു.ഡി. സെക്രട്ടറിയായിരുന്ന ബി.ബി.കെ. മേനോൻ, പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറി ത്രിലോക് സിംഗിനും കേരളത്തിന്റെ അഡ്വൈസറായിരുന്ന പി.എസ്.റാവു, പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ വി. ടി. കൃഷ്ണമാചാരിക്കും ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ കെ.പി. ശ്രീധരൻ നായർ, മുഖ്യമന്ത്രി ഇ.എം.എസിനും അന്നത്തെ ജലസേചന മന്ത്രിയായിരുന്ന വി. ആർ. കൃഷ്ണയ്യർക്കും അയച്ച കത്തുകൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. അവിടെയൊന്നും ഇത് ശ്രദ്ധയിൽപ്പെട്ടില്ല എന്നുമാത്രമല്ല, പിന്നീട് 1958-ൽ ഇ.എം.എസ്. ഒപ്പുവച്ച പ്രാഥമിക കരാർ വളർന്നു വന്നാണ് 1970-ൽ അച്യുതമേനോൻ സമഗ്രമായ ഒരു കരാർ ഒപ്പുവയ്ക്കുന്നത്. ചുരുക്കത്തിൽ ഭരണാധികാരികളുടെ പിടിപ്പുകേടിന്റെ ആകെത്തുകയാണ് കേരളം ഇന്ന് അനുഭവിക്കുന്ന ഈ ദുരവസ്ഥയ്ക്ക് കാരണമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. മുല്ലപ്പെരിയാർ ജലവിതരണം സംബന്ധിച്ച് 1991-96-ൽ പത്ര പ്രവർത്തകൻ കൊണ്ടുവന്ന ഒരു പൊതു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ഈ വാദം ഇന്നത്തെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഗൗരവമായിത്തന്നെ എടുക്കുകയും അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ ഗൗരവമായിത്തന്നെ ഒരു അഡ്ഹോക്ക് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഭാഗ്യവശാൽ ആ കമ്മിറ്റിയിൽ ഒരംഗം ആകാൻ എനിക്ക് അവസരമുണ്ടായി. അന്ന് ഞങ്ങൾ കാടാമ്പുഴ ഉൾപ്പെടെയുള്ള പറമ്പിക്കുളത്തിന്റേയും ആളിയാറിന്റേയും പ്രദേശങ്ങളിൽ ദിവസങ്ങളോളം യാത്ര ചെയ്തു. അപ്പുറത്തേയും ഇപ്പുറത്തേയും ധാരാളം എം.എൽ.എ.-മാർ ഉണ്ടായിരുന്നു. കാടാമ്പുഴയിലൊക്കെ ചെന്നുകഴിഞ്ഞാൽ കാണുന്ന അത്ഭുതകരമായ ഒരു കാര്യം കാടാമ്പുഴയിൽ ഒരു അണ്ടർഗ്രൗണ്ട് പവർ സ്റ്റേഷൻ കേരളത്തിന്റെ അനുമതിയില്ലാതെ പണിതു എന്നായിരുന്നു അന്നുവരെയുണ്ടായിരുന്ന ധാരണ. പക്ഷേ ഫയലുകളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ കാണാൻ കഴിയുന്നത് 1987-ൽ കാടാമ്പുഴയിൽ ഒരു അണ്ടർഗ്രൗണ്ട് പവർ സ്റ്റേഷന് കേരളം അനുമതി നൽകിയിരുന്നു എന്നാണ്. അന്വേഷണം നടത്തേണ്ട വസ്തുതയാണിത്. കേരളത്തിന്റെ നദീജലം തീറെഴുതിയതിന്റെ പിന്നിൽ രാഷ്ട്രീയ ഗൂഢാലോചന പോലും ഉണ്ടായിട്ടുണ്ട് എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ എന്റെ സ്നേഹിതൻ പി. സി. ജോർജ്ജ് പറഞ്ഞതുപോലെ തമിഴ്നാടിനെ നോക്കി ഇവിടെ ഒരു നാലാൾ കണ്ണുരുട്ടി കാണിച്ചതുകൊണ്ടൊന്നും കാര്യമില്ല. അവരുടെ ഇച്ഛാശക്തി വളരെ വലുതാണ്. ഞാൻ മറ്റൊരുകാര്യം പറയട്ടെ, അധികം ശ്രദ്ധിക്കപ്പെടാത്ത കാവേരി നദീജല തർക്കത്തിൽ നാല് സംസ്ഥാനങ്ങളാണ് കക്ഷികൾ. കർണ്ണാടകവും, തമിഴ്നാടും കേരളവും പോണ്ടിച്ചേരിയും. കാവേരിയുടെ മൊത്തമുള്ള 750 ടി.എം.സി. ജലലഭ്യതയിൽ 147 ടി.എം.സി. ജലം കേരളത്തിന് അർഹതപ്പെട്ടതാണ്. ഇന്നേവരെ ഒരു പദ്ധതി പോലും ഫലപ്രദമായി കാവേരിയിൽ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് വെള്ളം ഇങ്ങോട്ട് എടുക്കുന്നതിന് ഒരു നിർദ്ദേശം വച്ചു. അതിന് നമ്മുടെ നാട്ടിലുള്ള ആളുകൾപോലും തുരങ്കം വച്ച സംഭവങ്ങളിലേക്കൊന്നും ഞാൻ സമയക്കുറവുകൊണ്ട് കടക്കുന്നില്ല. കർണ്ണാടകത്തിന്റെ മുഖ്യമന്ത്രി എസ്.എം. കൃഷ്ണ ഒരു പ്രഖ്യാപനം നടത്തി. എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. തമിഴ്നാടിന്റെ വാട്ടർ ടാങ്കല്ല കർണ്ണാടകം ഇതായിരുന്നു. എസ്. എം. കൃഷ്ണയുടെ പ്രഖ്യാപനം. ഞാൻ ചോദിക്കട്ടെ, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ മാറിമാറി വന്ന നേതാക്കൾ കേരളത്തോട് കാണിച്ച സമീപനം, ഈ കാര്യത്തിൽ കൈക്കൊണ്ട സമീപനം, ഒരു പുനർ വിചിന്തനത്തിന് വിധേയമാക്കണ്ടേ? പലരും ഇന്ന് കുറ്റപ്പെടുത്തുന്ന സർ സി.പി. രാമസ്വാമി അയ്യർ 1886-ലെ പെരിയാർ പാട്ടക്കരാറിന്റെ ആർബിട്രേഷനിൽ പങ്കെടുത്തുകൊണ്ട് 1941-ൽ തിരുവിതാംകൂർ ദിവാനായിരുന്നുകൊണ്ട് അദ്ദേഹം നടത്തിയ ചരിത്ര പ്രസിദ്ധമായ ഒരു വാദമുണ്ട്. രോമാഞ്ചജനകമായ ഓർമ്മകളോടെ മാത്രമേ അത് വായിക്കാൻ കഴിയൂ. ജലസേചനത്തിന് മാത്രമുള്ള പദ്ധതി കുടിവെള്ളത്തിനുകൂടി ഉപയോഗിക്കണമെന്ന് അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റ് മദ്രാസ് സംസ്ഥാനത്തിനു വേണ്ടി വാദിച്ചപ്പോൾ അത് സാധ്യമല്ലെന്ന് സർ സി.പി. വാദിച്ചു. സർ സി.പി.-യുടെ വാദം അന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ആർബിട്രേറ്ററും അംഗീകരിക്കുകയുമാണ് ചെയ്തത്. ആ ആത്മാർത്ഥത കേരളത്തിൽ പിന്നീട് ഒരിക്കലും ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ ബഹു. മുഖ്യമന്ത്രി എ.കെ. ആന്റണി 1995 ജൂൺ 7-ന് ഒരു സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗത്തിൽ രാഷ്ട്രീയ പാർട്ടികളൊക്കെ അഭിപ്രായരൂപീകരണമുണ്ടാക്കി. പക്ഷെ, പിന്നീട് വളരെ പതുക്കെയാണ് കാര്യങ്ങൾ നീങ്ങിയത്. പിന്നീട് കേരളത്തിലെ പ്രബലരായ പല ആളുകളും നദീജലപ്രശ്നത്തിൽ രംഗത്തുവന്നിട്ടുണ്ട്. 1958-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.എസ്. വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ പ്രശസ്തനായ കെ. ബാലകൃഷ്ണൻ നടത്തിയ പോരാട്ടം ചരിത്രത്തിന്റെ ഭാഗമാണ്. കേരളത്തിലെ നദീജലം അന്യാധീനപ്പെട്ടിരിക്കുന്നതിനെതിരെ മുൻകാലങ്ങളിലുണ്ടായിരുന്ന താല്പര്യങ്ങൾ പിന്നീടു വന്ന ഭരണകൂടം, നമ്മളടക്കമുള്ള ഭരണകൂടങ്ങൾ എടുക്കുന്നില്ല എന്ന ഗൗരവമായ കാര്യം നാം കാണണം. കാടാമ്പുഴയിലും പറമ്പിക്കുളത്തും മുല്ലപ്പെരിയാറിലും ചെല്ലുമ്പോൾ നമ്മൾ അന്യൻമാരെപ്പോലെ നിൽക്കുകയാണ്. നമ്മുടെ ഉദ്യോഗസ്ഥൻമാർ അങ്ങോട്ടുപോകുന്നില്ല. ഗേജിംഗ് എടുക്കുന്നതൊക്കെ അവിടെ കിടക്കുന്ന തമിഴ് നാട്ടിലെ ഉദ്യോഗസ്ഥൻമാരാണ്. അവരുടെ ഇച്ഛാശക്തി നമ്മൾ അംഗീകരിക്കണം. സ്വാതന്ത്ര്യത്തിന്റെ ആദ്യദിവസങ്ങളിൽ 64 അണക്കെട്ടുകൾ കേരളം, പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചു. ഇപ്പോൾ 55 വർഷത്തിനുശേഷം 34 എണ്ണം മാത്രമേ നാം തീർത്തിട്ടുള്ളൂ. കുറച്ച് അണക്കെട്ടുകൾ തമിഴ്നാട് തീർത്തിട്ടുണ്ട്. ബാക്കി അണക്കെട്ടുകൾ തീർക്കാൻ നമുക്ക് ഇച്ഛാശക്തിയില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതു പോലെ രാഷ്ട്രീയം മറന്ന് ഡൽഹിയിലേക്ക് കുതിക്കാൻ, അവിടെ പോയി അഭിപ്രായം പറയാൻ, തുറന്നു സംസാരിക്കാൻ, നമ്മുടെ അവകാശം നേടിയെടുക്കാൻ നമുക്ക് കഴിയണം. തമിഴ്നാടിന്റെയടുത്ത് കൂട്ടിയിട്ടിരിക്കുന്ന മണലിന്റെ കാര്യത്തിലോ, പണിയുടെ കാര്യത്തിലോ അല്ല, 152 അടിയായി അവിടത്തെ ജലനിരപ്പ് ഉയർത്തുന്ന തടക്കമുള്ള, ശിരുവാണിയിലെ വെള്ളം കൊടുക്കുന്നത് ഉൾപ്പെടെയുള്ള, കരാറുള്ള പറമ്പിക്കുളത്തിന്റേയും ആളിയാറിന്റേയും കരാർ 30 വർഷമായി പുതുക്കാൻ മറന്നുപോയ കേരളത്തിന്റെ സമീപനമടക്കമുള്ള ഗൗരവമായ ചർച്ച നല്ലതാണ്, അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു വാക്കുകൂടെ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഈ നിയമ സഭയിൽ രണ്ടു തവണ വരാനുള്ള ഭാഗ്യമാണ് എനിക്കുണ്ടായത്. ഈ സമ്മേളനത്തിൽ ഗൗരവമായ മൂന്ന് ചർച്ചകൾ നടത്തി. ഒന്ന്, ഡെങ്കിപ്പനിയെപ്പറ്റി, രണ്ട്, WTO.-യെപ്പറ്റി, മൂന്ന്, നദീജലത്തെ സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാലികപ്രാധാന്യമുള്ള, അങ്ങോട്ടും ഇങ്ങോട്ടുമുള്ള രാഷ്ട്രീയ പോരാട്ടങ്ങൾക്കപ്പുറം, നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഗൗരവമായ കാഴ്ചപ്പാട് ഉയർത്താൻ ശ്രമിക്കുന്ന ഇത്തരം ചർച്ചകൾ ഇനിയും ഉണ്ടാകണമെന്നു മാത്രം അഭ്യർത്ഥിക്കുന്നു. കുട്ടനാട് വറ്റിവരളുന്നു. ചാലക്കുടി പുഴയും, ചാലിയാറും ഒഴുക്കുനിലച്ചിരിക്കുന്നു. പാണ്ടിപ്പുഴയും, പുന്നപ്പുഴയും, കവർന്നെടുക്കപ്പെടുന്നു. മുല്ലപ്പെരിയാർ എന്നെന്നേക്കുമായി അന്യാധീനപ്പെടുന്നു. പറമ്പിക്കുളത്തിന്റെ അവകാശം പണയപ്പെട്ടിരിക്കുന്നു. അവകാശങ്ങൾ കണക്കുപറഞ്ഞുവാങ്ങുവാൻ മറന്നുപോയ നമ്മുടെ ഇച്ഛാശക്തിക്ക് മുമ്പിൽ ദുഃഖിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. ഈ പ്രമേയത്തെ എല്ലാ വിധമായ ഗൗരവത്തോടുംകൂടി ഈ സഭ കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: സർ, ഞാൻ ഈ പ്രമേയത്തെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഈ പ്രമേയത്തെ സ്വാഗതം ചെയ്ത ചില സുഹൃത്തുക്കൾ; എന്റെ സ്നേഹിതൻ ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ള ആളുകൾ; കേരളത്തിന്റെ വെള്ളത്തെ സംബന്ധിച്ച് ആദ്യകാല ഭരണാധികാരികൾ കാണിച്ചിട്ടുള്ള അനാസ്ഥയാണെന്നും, അതിലൊന്നും പെടുന്നവരല്ല കോൺഗ്രസ്സുകാരെന്നും ന്യായീകരിക്കാനുള്ള വിഫലശ്രമങ്ങൾ നടത്തുകയുണ്ടായി. 1970-ലെയും അതിനെ തുടർന്നുള്ള മുല്ലപ്പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly

കരാറും പറമ്പിക്കുളം-ആളിയാർ കരാറും എല്ലാംതന്നെ, രണ്ടു തവണ മാത്രം ഭാഗ്യവശാലോ നിർഭാഗ്യവശാലോ കേരള അസംബ്ലി കാണാൻ കഴിഞ്ഞിട്ടുള്ള ശ്രീ. പി. ടി. തോമസ്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു നല്ല ഭാഗം ഉപയോഗിച്ചത് ഇ.എം.എസ്.-നേയും അതുപോലുള്ള പാർട്ടി നേതൃത്വം നാടുഭരിച്ചുകൊണ്ടിരുന്ന അവസരത്തിൽ കാണിച്ചിട്ടുള്ള കുഴപ്പങ്ങളെപറ്റിയുമാണ്. തിരുവിതാംകൂറും തിരുകൊച്ചിയും പിന്നീട് കേരളവുമായി മാറിയ നമ്മുടെ മലയാള നാട് ആ മലയാള നാടിനൊപ്പം അവകാശപ്പെട്ട വെള്ളം, പരിരക്ഷിക്കുന്നതിൽ മുൻകാല ഭരണാധികാരികൾ കുറ്റകരമായ പിശകുകൾ തന്നെയാണ് കാണിച്ചിട്ടുള്ളത്. അതിന്റെ മുൻപന്തിയിൽ കോൺഗ്രസ് തന്നെയാണ് നിൽക്കുന്നത്. അതിൽ ശ്രീ. പി. ടി. തോമസിന്റെ നാക്കുകളോ, അതുപോലുള്ള ആയിരം ആളുകളുടെ നാക്കുകളോ ഉപയോഗിച്ചാലും ആ സത്യം മറച്ചുവയ്ക്കാൻ കഴിയുകയില്ല. 1970-കളിൽ മുല്ലപ്പെരിയാറിനെ സംബന്ധിച്ച് ഉണ്ടാക്കിയ കരാർ 999 കൊല്ലത്തേക്കാണ്. എത്ര തലമുറ കഴിഞ്ഞാണ് ഈ മുല്ലപ്പെരിയാറിലെ ഒരു തുള്ളി വെള്ളം നമുക്ക് കിട്ടാൻ ഇടയാകുന്നതെന്ന് ആലോചിക്കണം. പറമ്പിക്കുളം-ആളിയാറും ഏതാണ്ട് അതിനു സമാനമായ കരാർ തന്നെയാണ്. നമ്മുടെ നാട് നാം സ്വാതന്ത്ര്യം നേടുന്ന 1947 ആഗസ്റ്റ് പതിനഞ്ചോടുകൂടി, ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുമ്പോഴോ അതിനുമുമ്പോ അയൽ സംസ്ഥാനങ്ങളുടേയോ കേന്ദ്രഗവൺമെന്റിന്റെയോ എല്ലാ കരാറുകളും ഇതിനോടകം റദ്ദ് ചെയ്യുന്നുവെന്ന് പറഞ്ഞിട്ടാണ് നമുക്ക് സ്വാതന്ത്ര്യം നൽകിയത്. 1947 ആഗസ്റ്റ് പതിനഞ്ചോടുകൂടി മുല്ലപ്പെരിയാർ, തിരുവിതാംകൂറിന്റെയോ അല്ലെങ്കിൽ കേരളത്തിന്റേയോ ആയി മാറി. ആ വസ്തുത മനസ്സിലാക്കിക്കൊണ്ട് സ്വാതന്ത്ര്യത്തിനു ശേഷം അധികാരത്തിൽ വന്ന ഭരണാധികാരികൾക്ക് അത് സ്വതന്ത്രമായി ഏറ്റെടുക്കുവാനുള്ള കഴിവുണ്ടായില്ല. പിന്നീട് വന്ന ഭരണാധികാരികളും ആ കാര്യത്തിൽ അശ്രദ്ധ കാണിച്ചുവെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ 1970-ൽ അധികാരത്തിലിരുന്ന ഗവൺമെന്റ് പത്തു വർഷത്തേക്കോ 50 വർഷത്തേക്കോ അല്ല, 999 വർഷത്തേക്കുള്ള കരാറാണ് എഴുതി വച്ചിരുന്നതെന്ന് സാമാന്യമായി ഈ കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കുന്ന ആർക്കും മനസ്സിലാകും. അങ്ങനെ നമുക്ക് അർഹതപ്പെട്ട നമ്മുടെ വെള്ളം.....ഇന്ന് വരൾച്ച വരുന്ന അവസരത്തിൽ മാത്രമല്ല, ഗ്രാമ പ്രദേശങ്ങളിലടക്കം പഞ്ചായത്തിന്റെ നേതൃത്വത്തിൽ, മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിൽ ലോറികളിൽ ടാങ്കിൽ വെള്ളം കൊണ്ടുപോയി ആളുകൾക്ക് കൊടുക്കേണ്ട സ്ഥിതി വന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യം മനസ്സിലാക്കാൻ തുടങ്ങിയതിനുശേഷവും വെള്ളം പരിരക്ഷിക്കുന്ന കാര്യത്തിൽ, പിന്നീടു വന്ന ഭരണാധികാരികളും, കാര്യമായി ഈ പ്രശ്നം കൈകാര്യം ചെയ്തില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ തുടർച്ചയായിട്ടാണ് 1991-96-ലും അതിനുശേഷവും ഭരണാധികാരത്തിലിരുന്ന ആളുകൾ കൈക്കൊണ്ടിട്ടുള്ള സമീപനം സംബന്ധിച്ച് ചിന്തിക്കേണ്ടത്. ഇവിടെ ഇപ്പോൾ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് 1991-96-ൽ അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. പമ്പ, അച്ചൻകോവിൽ വൈപ്പാർ ലിങ്ക് സംയുക്തമായിട്ടുള്ള ഈ പദ്ധതിയെ സംബന്ധിച്ച് അന്ന് പഠിക്കാൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. നമ്മുടെ ഉദ്യോഗസ്ഥൻമാർ അതിൽ ചേർന്നിട്ടില്ല എന്നാണ് തിരുവനന്തപുരത്ത് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ അന്ന് പറഞ്ഞത്. എന്നാൽ National Water Development Agency-യുടെ റിപ്പോർട്ട് എന്താണ്? സുലഭമായ വെള്ളം കുട്ടനാട്ടിൽ ഉണ്ടെന്നാണ്. നമ്മൾ പിന്നീട് എതിർത്ത്

LIBRARY ARCHIVES Kerala Legislative Assembly

പോന്നുവെന്നുള്ളത് പറയുന്നുണ്ട്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വിതരണം ചെയ്ത രേഖയിൽ N.W.D.A.-യുടെ റിപ്പോർട്ട്, കേരളത്തിന്റെ പ്രതിനിധികളുടെ പങ്കാളിത്തം ഇല്ലാതിരുന്നതിനാലും റിപ്പോർട്ട് തയ്യാറാക്കിയ ശേഷം 2 ദശാബ്ദത്തോളം കഴിഞ്ഞതിനാലും ആ നിഗമനങ്ങൾ സ്വീകാര്യമല്ല എന്ന കേരളത്തിന്റെ നിലപാട് കണക്കിലെടുത്ത് N.W.D.A.-യും കേരളവും കൂടി ചേർന്നുകൊണ്ട് ഒരു സംയുക്തപഠനം നടത്താമെന്ന് യോഗത്തിൽ തീരുമാനിക്കുകയുണ്ടായിയെന്ന് അന്ന് വിതരണം ചെയ്ത രേഖയിൽ പറയുകയാണ്. എന്തിനാണ് അങ്ങനെ ഒരു പഠനം എന്ന് എനിക്ക് ഇപ്പോഴും മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തിൽ നമ്മുടെ വെള്ളത്തിന്റെ അവകാശത്തെ സംബന്ധിച്ച് ഭരണഘടനാപരമായി ഫെഡറൽ ഇൻഡ്യയുടെ, സംസ്ഥാനത്തെ വെള്ളത്തിനുള്ള അവകാശത്തെ സംബന്ധിച്ച് അന്ന് ഓർമ്മയില്ലായിരുന്നു. എന്തിനാണ് ഈ കമ്മിറ്റിയിൽ നമ്മൾ സഹകരിക്കുന്നത്? ഈ വെള്ളത്തിന്റെ അവകാശം ഞങ്ങൾക്കാണ്; ഇതു സംബന്ധിച്ച് മറ്റ് സംയുക്ത പഠനത്തിന്റെ ആവശ്യമില്ല; ഇവിടെ വെള്ളത്തിന് ക്ഷാമമാണ്; ഒരു പഠനത്തിന്റെ ആവശ്യമില്ലായെന്ന് എന്തുകൊണ്ട് അന്ന് പറഞ്ഞില്ല; പിന്നെ മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ സമ്മേളനത്തിലും പറയുന്നു പഠിക്കാമെന്ന്. എന്തിനാണ് പഠിക്കുന്നത്? നമ്മുടെ സംസ്ഥാനത്തിന്റെ ജലസ്ഥിതിയെക്കുറിച്ച് നമുക്ക് അറിയില്ലേ? കോഴിക്കോട് സ്ഥാപിച്ചിട്ടുള്ള നമ്മുടെ തന്നെ സ്ഥാപനം ഇത് സംബന്ധിച്ച് പഠിച്ചിട്ട് പറഞ്ഞത് എന്താണ്? 2050 ആകുമ്പോഴേക്കും ഈ പ്രദേശമാകെ വരൾച്ച ബാധിതമാകുമെന്നാണ്. പമ്പ-അച്ചൻകോവിൽ വരൾച്ച പ്രദേശമാകുമെന്ന് നമ്മുടെ പഠനറിപ്പോർട്ട് നമ്മെ അറിയിച്ചിട്ടും പിന്നെ എന്തിനാണ് പഠനം? അതിന് ആളെ അയയ്ക്കേണ്ട ആവശ്യമെന്താണ്? ഈ പ്രശ്നങ്ങൾ സംബന്ധിച്ചൊക്കെ കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് വളരെ ശക്തമായ ആക്ഷേപമുണ്ടായിട്ടും കഴിഞ്ഞ തവണ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ പറഞ്ഞ മറുപടി, അവിടെ മലയാണ്, മറ്റു ചില ആളുകൾക്ക് അവിടെ പോകാൻ കഴിയും, എനിക്ക് പോകുവാൻ കഴിയില്ല, അവിടെ ആര് പോകാനാണ്, മല തുരന്നോയെന്ന് നോക്കാൻ പോകുന്നത് എങ്ങനെയാണ് എന്നൊക്കെയാണ്. മലയിൽ എല്ലാപേർക്കും പോകാൻ കഴിയും. അതിനെക്കാൾ വിഷമകരമായ സ്ഥലത്ത് പോയി പരിശോധിക്കുവാൻ തയ്യാറുള്ള മനുഷ്യർ കേരളത്തിലുണ്ടെന്ന് മനസ്സിലാക്കണം. കേരളത്തിന്റെ പൊതുതാല്പര്യത്തെ ഹനിക്കുന്നു എന്നുവരുമ്പോൾ വാശിയോടുകൂടി കടുവയെയും കാട്ടുപോത്തിനെയും സിംഹത്തെയുമൊക്കെ വെല്ലുവിളിച്ചുകൊണ്ട് ആധുനിക മനുഷ്യന് ആധുനിക ഉപകരണങ്ങളോടുകൂടി ഈ മേഖലയിലൊക്കെ പോയി പരിശോധിച്ച് നമ്മുടെ മല തുരന്നിട്ടുണ്ടോയെന്ന് പരിശോധിച്ചറിയുവാൻ കഴിയണം. ഞാൻ പഠിച്ചതിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് സ്നേഹിതൻമാരുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കോണ്ടൂർ കനാലിന്റെ ഒരു ഭാഗം തുരന്ന് മലയിൽക്കൂടി ഇപ്പോഴും വെള്ളം ചോർത്തിക്കൊണ്ടുപോകുന്നവരാണ് നമ്മുടെ അയൽവാസികളായ സുഹൃത്തുക്കൾ. വെള്ളം ചോർത്താൻ പരിചയമില്ലാത്തവരല്ല. അച്ചൻകോവിൽ-പമ്പ വൃഷ്ടി പ്രദേശത്തുനിന്ന് ലേശം അങ്ങോട്ട് തിരിച്ചുകൊണ്ടുപോകുവാനുള്ള എന്തെങ്കിലും സംവിധാനം ഇല്ലാതെ..... ആ പണി നടക്കുന്ന അവസരത്തിൽ ഞാൻ പോയി കണ്ടതാണ്. അവിടെ ഒരു ചെറിയ ചാലുപോലും വരുന്നതായി കാണാൻ എനിക്ക് കഴിഞ്ഞില്ല. ഇപ്പോഴോ? പത്രങ്ങൾ പറഞ്ഞത് പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

സത്യമായി വരുകയാണ്. ഇപ്പോൾ അവിടെ ഏതാണ്ട് കുറച്ച് നല്ലയളവു വെള്ളം ഉണ്ടെന്നാണ്. എന്റെ സ്നേഹിതൻ കഴിഞ്ഞ തവണ അവിടെ വെള്ളം ഉണ്ടെന്ന് സമ്മതിക്കുകയും ചെയ്തു. അതുകൊണ്ട് നേരിട്ട് കാണാൻവേണ്ടി പോവുകയാണ് സന്തോഷം. നേരിട്ട് കണ്ട് യഥാർത്ഥ സ്ഥിതി മനസ്സിലാക്കുക. അതിന്റെയൊന്നും ആവശ്യമില്ലാതെ നമ്മുടെ ഇന്നത്തെ നദികളിലുള്ള ഒരു തുള്ളി വെള്ളംപോലും അന്യർക്ക് കൊടുക്കുവാൻ സാധിക്കാത്ത വിധത്തിൽ അതിന് അങ്ങേയറ്റം വിഷമത അനുഭവിച്ചു കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ഇതു കൈകാര്യം ചെയ്യണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, നമ്മുടെ സഭയിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളതെല്ലാം. ഇവിടെ വന്ന ഇഷ്യൂസ് എല്ലാത്തിനും മറുപടി പറയുവാൻ കൂടുതൽ സമയമെടുക്കും. വളരെ വിശദമായി പോകുന്നില്ല. നമ്മുടെ നദീജല സമ്പത്തിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യം പ്രകടമാക്കിയ സംഭവമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടുപ്രാവശ്യം ആൾ പാർട്ടി മീറ്റിംഗ് വിളിച്ചത്. ആദ്യം 2001 നവമ്പർ മാസം 22-ാം തീയതിയും രണ്ടാമത് 2003 ജൂൺ മാസം 30-ാം തീയതിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്ത് യോഗം കൂടി. എല്ലാ രാഷ്ട്രീയ കക്ഷികളും അതിൽ പങ്കെടുത്ത് അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. പ്രശ്നങ്ങളെ സംബന്ധിച്ച് ഞങ്ങൾ വിലയിരുത്തി. ഗൗരവം ഇല്ലാതെയാണെങ്കിൽ ഒരിക്കലും രണ്ടുപ്രാവശ്യം ആൾ പാർട്ടി മീറ്റിംഗ് വിളിക്കില്ലല്ലോ; ആൾ പാർട്ടി മീറ്റിംഗിൽ തുറന്ന മനസ്സോടുകൂടിയാണ് ഇതിനെ സമീപിച്ചത്. ഗവൺമെന്റിന് ഇതിനകത്ത് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ല. നമ്മുടെ സ്റ്റേറ്റിന്റെ ഈ പൊതുതാല്പര്യത്തെ സംബന്ധിച്ച് നമുക്ക് ഒരുമിച്ച് ഒരേ സ്വരത്തിൽ പറയുവാൻ കഴിയണം. അതിനുള്ള അവസരമാണ് ഗവൺമെന്റ് ഒരുക്കിയത്. എന്തുവേണമെന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചു. ഇന്ന് റൂൾ 130 അനുസരിച്ച് ഇവിടെ ഒരു മോഷൻ അവതരിപ്പിച്ചു, നമ്മൾ ചർച്ച ചെയ്തു. ഇനി റൂൾ 275 അനുസരിച്ച് ഒരു റെസല്യൂഷനാണ് അഡോപ്റ്റ് ചെയ്യാൻ പോകുന്നത്. ഈ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതാണത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 1991-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറയട്ടെ, 1991-ൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്തും നിയമസഭയിൽ റൂൾ 130 അനുസരിച്ച് പ്രമേയം ചർച്ചയ്ക്ക് വരുകയും റൂൾ 275 അനുസരിച്ച് ഒരു റെസല്യൂഷൻ എടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മുല്ലപ്പെരിയാർ സംബന്ധിച്ചും പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ചും നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി പഠനം നടത്തിയത്. അതിൽ എല്ലാ കക്ഷികളും ഉണ്ടായിരുന്നു. ഞാൻ ആയിരുന്നു അതിന്റെ ചെയർമാൻ. ആ പഠന റിപ്പോർട്ട് ഈ സഭയിൽ സമർപ്പിച്ചു ചർച്ച ചെയ്തു. അതിനെ തുടർന്ന് ആക്ഷനും എടുത്തു. ഇവിടെ ശ്രീ. പി. ടി. തോമസ് കരാർ ലംഘനത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കരാർ ലംഘനം ഏതെല്ലാം കാര്യങ്ങളിൽ, പറമ്പിക്കുളം-ആളിയാർ ഇഷ്യൂവിൽ ഉണ്ടായിരിക്കുന്നു, മുല്ലപ്പെരിയാർ ഇഷ്യൂവിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കുന്നു എന്നുള്ളത് പോയിന്റ് ഔട്ട് ചെയ്ത് അന്നത്തെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് എഴുതി. പക്ഷേ നിർഭാഗ്യവശാൽ അനേകമാസങ്ങൾക്കുശേഷം തമിഴ്നാട് ജലസേചനവകുപ്പുമന്ത്രി എനിക്കാണ് അതിനു മറുപടി തന്നത്. അവരുടെ സമീപനം എന്താണെന്നതിന്റെ പ്രകടമായ തെളിവാണ് അതെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഞങ്ങൾ ഈ കാര്യത്തിൽ എത്രമാത്രം ഗൗരവത്തോടെ മുന്നോട്ട് നീങ്ങുന്നു എന്നുള്ളതിന്റെ തെളിവാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 2001 മേയ് മാസത്തിലാണ്. 2001 മേയ് മാസത്തിൽ അധികാരത്തിൽ വന്നതിനു ശേഷം 2001 ജൂൺ മാസത്തിൽ തന്നെ ഗവൺമെന്റ് കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2001 ജൂലായ് മാസത്തിൽ ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശി മേക്കര ഡാമിന്റെ പ്രദേശങ്ങൾ സന്ദർശിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റിന് തന്നിട്ടുണ്ട്. അതിനുശേഷം വീണ്ടും മേക്കരയിൽ ഡാം പണിയുന്നത് സംബന്ധിച്ചുള്ള മറ്റു കാര്യങ്ങളെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നതിനുമുമ്പ് ഇതിൽ എന്തെങ്കിലും ലാപ്സസ് സംസ്ഥാന ഗവൺമെൻറ് വരുത്തിയിട്ടില്ലായെന്ന് സൂചിപ്പിക്കുവാൻ ഒരു കാര്യം പറയട്ടെ. 11-12-2001-ൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് പ്രകാരം ഇതു സംബന്ധിച്ച് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ചെയർമാൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്രൊട്ടക്ഷൻ) മെമ്പർ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) മെമ്പറായി ഒരു ടാസ്ക് ഫോഴ്സ് ഗവൺമെന്റ് രൂപീകരിച്ചു. അതിനുശേഷം ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം വാട്ടർ റിസോഴ്സസിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാനും, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുമടക്കം പത്തോളം ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു യോഗം അവർ വിളിച്ചുകൂട്ടി. ആ യോഗത്തെത്തുടർന്ന് ഒരു ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. അതിനകത്ത് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ), കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്രൊട്ടക്ഷൻ), കെ.എസ്.ഇ.ബി.-യുടെ ഐ.പി.ഡി. വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർ ഇവർ മൂന്നുപേരടങ്ങുന്ന മറ്റൊരു ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി രൂപീകരിച്ചു. അതിനുപുറമെ ഡി.എഫ്.ഒ., ഇലക്ട്രിസിറ്റി ബോർഡിന്റെ ഇൻവെസ്റ്റിഗേഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം ഡിവിഷനിലെ ഇറിഗേഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അടങ്ങുന്ന ഫീൽഡ് ടീമിനെ നിയോഗിച്ചു. കൊല്ലം ഡിവിഷനിലാണിത് വരുന്നത്. ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം ഒരു സബ്മിഷൻ അവതരിപ്പിച്ചതിനുശേഷം ഞങ്ങൾ ഇതിനെക്കുറിച്ച് പഠിക്കുവാൻവേണ്ടി ഒരു കമ്മിറ്റിയെ അയച്ചു. ആ കമ്മിറ്റി കഴിഞ്ഞ മാസം 28-ാംതീയതി മുതൽ 31-ാംതീയതി വരെ ഈ ഏരിയ മുഴുവൻ സന്ദർശിച്ചു. ഇന്റീരിയർ ഫോറസ്റ്റിൽ അവർ പോയി, ഈ പ്രദേശങ്ങൾ മുഴുവൻ സന്ദർശിച്ചു. അതിന്റെ ഒരു റിപ്പോർട്ട് ഗവൺമെന്റിന് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന് കിട്ടിയ വിവരം ഇവിടെ സൂചിപ്പിച്ചു—ആ റിപ്പോർട്ടിൽ ഒരു ടണൽ നിർമ്മിച്ച് തമിഴ്നാട് മേക്കര ഡാമിലേക്ക് വെള്ളം കൊണ്ടുപോകുന്നതായി കണ്ടെത്താൻ

1 P.M.] കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് എടുത്തിരിക്കുന്ന ആത്മാർത്ഥമായിട്ടുള്ള സമീപനത്തെ മെമ്പർമാർ അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. ഇത് വളരെ ഗൗരവമായ വിഷയമായിട്ടാണ് ഗവൺമെന്റ് കണ്ടിരിക്കുന്നത്. നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി ഒരു സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയല്ല. ഈ ഏജൻസിക്ക് സംസ്ഥാന ഗവൺമെന്റിനുമേൽ ഒന്നും അടിച്ചേല്പിക്കാൻ സാധ്യമല്ല. ഈ ഏജൻസി, National Perspective Plan for Inter-basin transfers ഇതിനെ സംബന്ധിച്ച് പഠിക്കാൻ വേണ്ടി യൂണിയൻ വാട്ടർ റിസോഴ്സ്സ് മിനിസ്ട്രിയും സെൻട്രൽ വാട്ടർ കമ്മിഷനും കൂടി 1980-ൽ തീരുമാനിച്ചപ്പോൾ രൂപീകരിക്കപ്പെട്ട ഒരു സമിതിയാണിത്. വാട്ടർ റിസോഴ്സസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണിത്. ഈ ഏജൻസി പല പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനകത്ത് ഒരു പെനിൻസുലാർ കമ്പോണന്റിൽ വരുന്നതാണ് നമ്മുടെ സ്റ്റേറ്റ്. ഏഴ് സ്റ്റേറ്റുകളെ സംബന്ധിച്ച് ഇന്റർ ലിങ്കിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അവർ പഠിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. അതിനകത്തുള്ള ഒരു ദുരൂഹത എന്നു പറയുന്നത്, ഗോദാവരിയിൽ നിന്ന് വെള്ളം വൈഗൈ ഡാമിലേക്ക് കൊണ്ടുവരുന്നതിനിടയിൽ അച്ചൻകോവിൽ ആറും പമ്പയും കൂടി ബന്ധിപ്പിച്ച് വൈപ്പാർ ബേസിനിലേക്ക് വെള്ളം കൊണ്ടുപോകേണ്ട ആവശ്യമില്ല. ആവശ്യമില്ലാത്ത ഒരു കാര്യത്തിനാണ് ശ്രമിക്കുന്നത്. ഹിമാലയൻ കമ്പോണന്റിനെ സംബന്ധിച്ച് എട്ടു സ്റ്റേറ്റുകളെ ബാധിക്കുന്ന 14 സ്കീമുകൾ അവർ സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതിലൊരു സ്കീമാണ് പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക്. പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്കിന്റെ പഠനം ഒരു സന്ദർഭത്തിലും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. "എന്തുകൊണ്ട് നിങ്ങൾ ഈ പരിപാടിയിൽ സഹകരിച്ചു? നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ കമ്മിറ്റിയിൽ എന്തിനാണ് പങ്കെടുത്തത്?" എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചോദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ ഒരനുഭവം ഞാൻ പറയാം. 2-7-1999-ൽ ന്യൂഡൽഹിയിൽ വച്ചുനടന്ന 29-ാമത് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ കേരളാ പ്രതിനിധിയുടെ അഭാവത്തിൽ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഒരു പ്രതിനിധിയും പങ്കെടുക്കാതെ വന്നപ്പോഴാണ് അവർ അങ്ങനെ ചെയ്തത്. അന്നത്തെ ഗവൺമെന്റ് ഈ തീരുമാനത്തിനെതിരായി ശക്തമായ പ്രതിഷേധം രേഖാമൂലം നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയെ അറിയിച്ചിട്ടുണ്ട്. പോകാതിരിക്കുന്നത് ഒരിക്കലും ശരിയല്ല. ഇവിടെ പറഞ്ഞ മറ്റൊരു സംഗതി, ഗവൺമെന്റ് എന്തിന് ഇത് എഗ്രി ചെയ്തു എന്നുള്ളതാണ്. ഗവൺമെന്റ് ഒരു പഠനത്തിനും എഗ്രി ചെയ്തിട്ടില്ല. നമ്മുടെ മാധ്യമ സുഹൃത്തുക്കൾ പലരും പല രീതിയിൽ എഴുതുന്നുണ്ട്. മാധ്യമങ്ങൾക്ക് ജനശ്രദ്ധയിൽ കാര്യങ്ങൾ കൊണ്ടുവരാനുള്ള ഉത്തരവാദിത്വം ഉണ്ട്. അവർ അതുചെയ്യണം. പക്ഷേ ചില മാധ്യമങ്ങൾ വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങൾ പറയുന്നുണ്ട്. എന്റെ കയ്യിൽ Minutes of the Ninteenth Annual General Body Meeting of the National Water Development Agency Society held on 26-3-2003 at New Delhi-യുടെ ഡീറ്റെയിൽസ് ഉണ്ട്. അന്നത്തെ മീറ്റിംഗിൽ പങ്കെടുത്ത ഒരേയൊരു സംസ്ഥാന മന്ത്രി ഞാൻ മാത്രമാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ പങ്കെടുത്തു. ബാക്കിയെല്ലാം ഉദ്യോഗസ്ഥൻമാരാണ്. നമ്മൾ അത്ര ഗൗരവത്തോടുകൂടി കാണുന്നുണ്ട്. ഇതിൽ തർക്കവിഷയമായിരിക്കുന്നത് ഗവൺമെന്റ് ഒരു പഠനത്തിന് സമ്മതം മൂളി എന്നാണ്. ഞാൻ ആ മിനിറ്റ്സ് അതുപോലെ വായിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Pamba-Achankovil-Vaippar Link involving Tamil Nadu & Kerala.

The representative of the State of Kerala, who was present during the meeting, informed that the pointwise clarifications on the comments of Govrnment of Tamil Nadu on the report entitled "Towards Evolving Basin Plans for the Rivers Draining into Vembanad Wetland System" prepared by the Centre for Water Resources Development & Management, Kozhikode would be furnished to NWDA within a month. The Representative of Tamilnadu was of the opinion that both Kerala & Tamil Nadu States could start the dialogue amongst themselves to arrive at consensus.

President of the Society desired that the issue should be resolved within a specific time frame. പ്രസിഡന്റ് എന്നുപറയുന്നത് യൂണിയൻ മിനിസ്റ്ററാണ്. അതു കഴിഞ്ഞ് DG, NWDA informed that a Group headed by Chairman (CWC) with DG, NWDA as Member-Secretary & Member (WP&P) and Chief Engineer (IMO), Central Water Commission and Secretaries, WR/Irrigation Department of the concerned States as members was set up by the MOWR.

On query from President of the Society DG, NWDA said that despite reminders, the comments from Government of Kerala have not yet been received by NWDA. നമ്മൾ ഇതിനൊന്നും അനുകൂലമായ ഒരു പച്ചക്കൊടിയും കാണിച്ചിട്ടില്ല. CWRDM എന്തു പറഞ്ഞോ അതാണ് നമ്മുടെ സ്റ്റാന്റ് എന്നുള്ള നിലപാട് സ്വീകരിച്ചു. അതിൽ President enquired from the Hon'ble Minister of WR, Government of Kerala, who attended the meeting, about the status of the study on Pamba-Achankovil-Vaippar Link. Hon'ble Minister reiterated the stand of Government of Kerala that they did not accept this study in its present form. Also, he emphasized that the Centre for Water Resources Development & Management, Kozhikode had studied the Pamba and Achankovil rivers along with another 4 rivers flowing into Vembanad wetland system and their study report shows that Vembanad wetland system will face water shortage by 2051 AD.

After detailed deliberations in the meeting, President of the Society അതായത് യൂണിയൻ മിനിസ്റ്റർ decided that NWDA and Government of Kerala jointly carry out a study for Pamba-Achankovil and Vembanad wetland system and this study should be completed within 4 months. മാർച്ച് കഴിഞ്ഞു. നാലു മാസത്തിനകം പൂർത്തിയാക്കണമെന്നാണ് പറഞ്ഞത്. അതിനകത്ത് ഏകദേശം ഒരു മണിക്കൂർ മാത്രം ഈ വിഷയം ചർച്ച ചെയ്തു. അതിന്റെ ഒരു സംക്ഷിപ്തരൂപമാണ് ഞാൻ വായിച്ചത്. ഇതിൽ ഞാൻ പറഞ്ഞ സംഗതി, CWRDM നടത്തിയിരിക്കുന്ന പഠനമെന്നു പറയുന്നത് ഒരു മേഖലയെ മാത്രം അധികരിച്ചല്ല. വേമ്പനാട്ട് ലേക്കിൽ വന്നെത്തുന്ന 6 നദികളുണ്ട്. പെരിയാറിന്റെ ഒരു ചെറിയ ട്രിബ്യൂട്ടറി കൂടിവരുമ്പോഴാണ് 6 നദികൾ ആകുന്നത്. അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ അഞ്ചുനദികളും പെരിയാറിന്റെ ഒരു ട്രിബ്യൂട്ടറിയും കൂടിയാണ് വേമ്പനാട് വെറ്റ്‌ലാന്റ് സിസ്റ്റത്തിൽ വരുന്നത്. ഞാൻ അവരോട് പറഞ്ഞത്, ഞങ്ങൾ നടത്തിയിരിക്കുന്ന പഠനത്തിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഈ നദികളുടെ കാര്യത്തിൽ, ഏകദേശം 44 ഇൻഡസ്ട്രീസുണ്ട്. അതിന്റെ പൊല്യൂഷൻ വരുന്നുണ്ട്. ഓരുവെള്ളത്തിന്റെ കയറ്റം, ഇൻലാന്റ് നാവിഗേഷന്റെ കാര്യം, ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ എണ്ണം, ഇക്കോളജിക്കൽ ബാലൻസ്, കുട്ടനാട്ടിൽ കീടനാശിനി ഉപയോഗിച്ചും അല്ലാതെയുമുണ്ടാകുന്ന മാലിന്യങ്ങൾ എന്നിവയെല്ലാം കൂടി പഠനവിധേയമാക്കിയ ഒരു റിപ്പോർട്ടാണ്. ആ റിപ്പോർട്ടിനെ അധികരിച്ചുള്ള ഒരു നീക്കത്തിനല്ലാതെ ഞങ്ങൾക്ക് സാധ്യമല്ല. നിങ്ങൾ നടത്തിയിരിക്കുന്ന പഠനമെന്നുപറയുന്നത് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പഠനത്തിൽ ഒരു സന്ദർഭത്തിലും സ്റ്റേറ്റ് ഗവൺമെന്റിനെ പങ്കാളിയാക്കിയിട്ടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഇതിനകത്ത് ഉത്തരവാദിത്വമില്ല എന്നൊരു സ്റ്റാന്റാണ് കൺസിസ്റ്റന്റായിട്ട് സ്റ്റേറ്റ് ഗവൺമെന്റ് എടുത്തിട്ടുള്ളത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഈ റിപ്പോർട്ടുകളെക്കുറിച്ച് മാധ്യമങ്ങൾ പറഞ്ഞത് തള്ളിയിട്ട് കഴിഞ്ഞ 7-ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടിയ സമ്മേളനത്തിൽ നിങ്ങൾ ഞങ്ങൾക്ക് വിതരണം ചെയ്ത രേഖയാണിത്. അതിൽ പറഞ്ഞിട്ടുള്ളത് NWDA-യുടെ റിപ്പോർട്ടിൽ കേരള പ്രതിനിധികളുടെ പങ്കാളിത്തം കൂടാതെയുള്ളതിനാലും റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം രണ്ട് ദശാബ്ദം കഴിഞ്ഞതിനാലും അതിന്റെ നിഗമനങ്ങൾ സ്വീകാര്യമല്ലെന്നുള്ള കേരളത്തിന്റെ നിലപാട് കണക്കിലെടുത്ത് NWDA-യും കേരളവും ചേർന്ന് ഒരു സംയുക്ത പഠനം നടത്താമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി എന്നാണ്. അതുപ്രകാരമുള്ള പഠനം ആരംഭിച്ചിട്ടില്ല. ഇതിന്റെ കോപ്പി അവിടെയുണ്ടല്ലോ. ഈ കമ്മിറ്റിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രതിനിധി തമിഴ്നാടിന്റെ ഒരു പ്രതിനിധി നമ്മുടെ മന്ത്രിയോ അല്ലെങ്കിൽ മന്ത്രി വിശ്വസിച്ച് ഏല്പിക്കുന്ന ആളോ, ഭൂരിപക്ഷം ആർക്ക് ആയി? മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ 142, 136, 152 എന്നുള്ള പ്രശ്നത്തിൽ നമ്മുടെ ഒരു മെമ്പറായ പരമേശ്വരൻനായർ ശക്തിയായി വാദിച്ചു എന്നാണ് നമുക്കെല്ലാം മനസ്സിലായത്. എന്നിട്ട് എന്തെങ്കിലും ഫലമുണ്ടായോ? കേന്ദ്രഗവൺമെന്റ് തമിഴ്നാടിനെ Please ചെയ്തുകൊണ്ട് മറ്റേതെങ്കിലും സംസ്ഥാനത്തെ ദ്രോഹിച്ച് മുതലാക്കാൻ ഉദ്ദേശിക്കുന്ന ആളുകൾ സംഘടിപ്പിക്കുന്ന കമ്മിറ്റിയിൽ നമ്മൾ ചേർന്നാൽ നമ്മൾ ശക്തിയായി എത്ര വാദിച്ചാലും ഫലമില്ലാത്തതുകൊണ്ട് ഞങ്ങൾ ഇതിലൊന്നും സഹകരിക്കുന്നില്ല. ഞങ്ങളുടെ വെള്ളത്തെ സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നിലപാട് ഇതാണെന്നു മാത്രം പറഞ്ഞ് നമ്മൾ ഒഴിയുകയല്ലേ നല്ലത് എന്നാണ് ഞാൻ സംശയം ചോദിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: All party meeting മുഖ്യമന്ത്രി വിളിച്ചുകൂട്ടുമ്പോൾ ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാർ പങ്കെടുക്കുന്ന ഒരു യോഗത്തിൽ സത്യം മറച്ചുവയ്ക്കാൻ നമുക്ക് സാധ്യമല്ലല്ലോ. അങ്ങ് വായിച്ച ഭാഗം ശരിയാണ്. അന്ന് അവിടെ സർക്കുലേറ്റു ചെയ്ത ബുക്ക്ലെറ്റിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതിൽ വളരെ ഡീറ്റെയിൽഡായിട്ട് എല്ലാം പറയുന്നുണ്ട്. അത് ഞാനിവിടെ വായിച്ചുകേൾപ്പിച്ചല്ലോ, after detailed deliberations in the meeting, President of the Society decided (.....not by the Committee.....not by the National Water Development Agency,) the President of that Committee decided that National Water Development

LIBRARY ARCHIVES Kerala Legislative Assembly

Agency and Government of Kerala jointly carry out a study for Pamba-Achankovil and Vembanad wet land system and this study should be completed within 4 months. ഇത് Union Minister ബഹുമാന്യനായ സേഠിയുടെ അഭിപ്രായമാണ്. ഇതിൽ നമുക്ക് തർക്കിക്കേണ്ടതായ ആവശ്യമില്ല. ഇതിൽ തന്നെ NWDA-യുടെ പ്രതിനിധിയായി അവർ നിശ്ചയിച്ചിരുന്നത് ഒരാളെയാണ്. കേരള ഗവൺമെന്റ് രണ്ടുപേരെ വിടാനാണ് ആലോചിച്ചത്. അതിനുവേണ്ടി ഒരു സർക്കുലർ ഇഷ്യൂ ചെയ്തിട്ടുണ്ട്. അതിൽ CWRDM-ന്റെ ഡയറക്ടർ ഡോ. ജെയിംസ് ഇവിടെയുള്ള ചീഫ് എഞ്ചിനീയർ ശ്രീ. ശശി എന്നീ രണ്ടുപേരെയാണ് അംഗങ്ങളായി വയ്ക്കാൻ വേണ്ടി നിർദ്ദേശിച്ചിരുന്നത്. ഈ രണ്ടുപേർ നമ്മുടേതാണ്. ഒന്നു മാത്രമേ NWDA-യുടെ ആളായുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇതുവരെ ആ സ്റ്റഡി start ചെയ്തിട്ടില്ല. ഇതിൽ ഒരു ദുരൂഹതയുമില്ല. ഈ സ്റ്റഡിയിൽ നമ്മൾ സഹകരിക്കണമെന്നൊന്നുമില്ല. ഇതിനോട് സഹകരിക്കണ്ടായെന്ന് ഞാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ഞങ്ങൾ സഹകരിക്കുന്നില്ലായെന്ന് NWDA-യെ അറിയിക്കാൻ പോവുകയാണ്. കാരണം ഇവിടെ പിന്നീട് ഉണ്ടായിരിക്കുന്ന ഇഷ്യൂസും മറ്റുകാര്യങ്ങളും കൂടി കണക്കിലെടുക്കുമ്പോൾ ഈ പഠനവുമായി നമ്മൾ സഹകരിക്കുന്നില്ല. സഹകരിക്കണമെന്ന് ഒരു നിർബന്ധവുമില്ല. ഇത് ഞാൻ agree ചെയ്തതല്ല. മീറ്റിംഗിന്റെ decision ആണത്. കേന്ദ്രഗവൺമെന്റ് നമുക്ക് അയച്ചുതന്ന ആ മീറ്റിംഗിന്റെ മിനിട്ട്സാണ് ഞാനിവിടെ വായിച്ചുകേൾപ്പിച്ചത്. ആ മിനിട്ട്സിൽ അവർ ഏകപക്ഷീയമായി തീരുമാനിച്ച ഒരു കാര്യമാണത്. അപ്പോൾ അങ്ങനെ ഒരു പഠനം നടത്താനുള്ള തീരുമാനമുണ്ട് എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ള ആളുകൾക്ക് സർക്കുലേറ്റ് ചെയ്ത ഈ നോട്ടിൽ പറയാതിരിക്കാൻ പറ്റുമോ? അതുകൊണ്ടാണ് ഞങ്ങൾ അങ്ങനെ പറഞ്ഞത്. ഞങ്ങൾ സത്യം മറച്ചുവെച്ചിട്ടില്ല. യാഥാർത്ഥ്യം തന്നെയാണ് പറഞ്ഞിരിക്കുന്നത്. അതിനോട് സഹകരിക്കണമെന്ന് നമുക്കില്ല. സഹകരിക്കേണ്ടെന്ന് കഴിഞ്ഞ ദിവസം തന്നെ ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇവിടെ ഞാൻ പറഞ്ഞത് നമുക്ക് ഒരനുഭവമുണ്ട്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ നീങ്ങിയില്ലെങ്കിൽ നമുക്ക് മണ്ടത്തരം പറ്റുമെന്നുള്ളത് മുല്ലപ്പെരിയാർ കമ്മിറ്റിയിൽ പങ്കെടുത്ത അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എപ്പോഴും ഇപ്പോഴും ഞാൻ പറയുന്നത് അതാണ്.

ശ്രീ. ടി. എം. ജേക്കബ്: ആ കാര്യത്തിൽ എനിക്ക് യാതൊരു തർക്കവുമില്ല. ഇതുവരെയുള്ള നമ്മുടെ അനുഭവം വച്ച് തമിഴ്നാടുമായി ഏർപ്പെട്ട എല്ലാ കരാറിലും വഞ്ചിക്കപ്പെട്ട സ്റ്റേറ്റാണ് കേരളം. ഞാനത് അടിവരയിട്ടു പറയുന്നു, ഒരു സംശയവും ആ കാര്യത്തിലില്ല. ഇനി അത് എങ്ങനെ സംഭവിച്ചു, ആരൊക്കെയാണ് അതിന് കാരണക്കാർ എന്നൊന്നും നമ്മളിപ്പോൾ analyse ചെയ്ത്, ഇനി അതിനകത്ത് അങ്ങോട്ടുമിങ്ങോട്ടും തർക്കമുണ്ടാകേണ്ട കാര്യമില്ല. എന്തായാലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു പൊതുഅഭിപ്രായം വന്ന സാഹചര്യത്തിൽ NWDA-യുടെ പഠനത്തിൽ നമ്മൾ സഹകരിക്കുന്നില്ല. ഞാനിപ്പോൾ ചർച്ചയുടെ ഭാഗമായിത്തന്നെ അറിയിക്കുകയാണ്. നമ്മളിപ്പോൾ രണ്ടുപേരെ വച്ചിട്ടുണ്ട്. അവരോട് പോകണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അവർ പോകേണ്ട കാര്യമില്ല. അത് യൂണിയൻ മിനിസ്ട്രിയെടുത്ത തീരുമാനമാണ്, സൊസൈറ്റിയെടുത്ത തീരുമാനമാണ്. നമുക്കിത് അവരെ അറിയിക്കുകയും ചെയ്യാം. മറ്റൊരു കാര്യമുള്ളത് ഞാൻ ആദ്യം പറഞ്ഞല്ലോ ഈ NWDA എന്നു പറയുന്ന ഏജൻസിക്ക് statutory backing ഒന്നുമില്ല. NWDA-യുടെ കാര്യത്തിൽ ടി. എം. ജേക്കബ് അവിടെ പോയി സമ്മതിച്ചു എന്നാണ് ഇന്ന് ഒരു പത്രം എഴുതിയിരിക്കുന്നത്. ഈ മിനിട്ട്സ് വായിച്ചപ്പോഴല്ലേ നിങ്ങൾക്ക് സത്യം ബോധ്യമായത്. ഞാൻ സമ്മതിച്ചിട്ടില്ല. ഞാൻ ഈ സ്റ്റേറ്റിന്റെ താല്പര്യത്തിനുവേണ്ടി തന്നെയാണ് നിന്നിട്ടുള്ളത്. 2-11-1991-ൽ കൂടിയ 9-ാമത് മീറ്റിംഗിലാണ്, അന്നു ഞാൻ മന്ത്രിയാണ്. NWDA-യുടെ പഠനം ഞങ്ങൾക്ക് അംഗീകാരമല്ല, ഞങ്ങൾ ഒരു ഏജൻസിയെ വയ്ക്കുമെന്ന് ഞാൻ പറഞ്ഞത്. അങ്ങനെ 1991-ൽ നമ്മൾ നിയമിച്ച ഏജൻസിയാണ് CWRDM. അവർ നടത്തിയിരിക്കുന്ന പഠനം എല്ലാ ഡിപ്പാർട്ടുമെന്റുകളും അതായത് Central Ground Water Board, Central Water Commission, Department of Agriculture, Department of Economics and Statistics, Department of Irrigation, Department of Space, Kerala State Electricity Board, Kerala Water Authority, Ministry of Environment and Forest, National Remote Sensing Agency, National Thermal Power Corporation, National Water Development Agency, Pollution Control Board, Kerala State Ground Water Department ഇത്രയും ആളുകൾ ഇതിനകത്ത് സഹകരിച്ചിട്ടുണ്ട്. ചെറിയൊരു പഠനമല്ല അവർ നടത്തിയത്. 1991-ൽ പഠനത്തിന് നിയോഗിച്ചു. 2000-ത്തിൽ അവർ റിപ്പോർട്ട് സമർപ്പിച്ചു. അത് കേന്ദ്ര ഗവൺമെന്റിന് നമ്മൾ സബ്മിറ്റ് ചെയ്യുകയും ചെയ്തു. ഇതിനകത്ത് നമുക്ക് വെള്ളമില്ലെന്നുള്ളത്, 6 നദികളെടുക്കാതെ രണ്ടു നദികളെ മാത്രമെടുത്തിട്ടാണ് ഇവർ പഠനം നടത്തിയിരിക്കുന്നത്. കുട്ടനാട് എന്നു പറയുന്ന ഒരു പ്രദേശവും വേമ്പനാട്ടുകായലും മുഴുവൻ നശിക്കുന്ന ഒരവസ്ഥയിലേക്ക് പോകാൻ കഴിയുമോ? ഒരു കാര്യംകൂടി ഈ സഭയുടെ മുമ്പിൽ കൊണ്ടുവരേണ്ടത് എന്റെ ആവശ്യമാണ്. കേരളത്തിൽ 3000 മില്ലിമീറ്റർ മഴ കിട്ടുന്നുണ്ട്. അതുകൊണ്ട് കേരളം വെള്ളത്തിന്റെ കാര്യത്തിൽ സമൃദ്ധമാണ്, ഇവിടെ മിച്ചജലമുണ്ട്, ഇതൊക്കെയാണ് ഇന്ത്യ മുഴുവൻ പ്രചരിച്ചിരിക്കുന്നത്. ഇതിനെതിരെ ഒരു campaign നടത്താൻ കഴിഞ്ഞ എട്ടുപത്തുവർഷമായിട്ട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിനു മുമ്പുള്ള എല്ലാ സന്ദർഭങ്ങളിലും ഇവിടെ ജലമുണ്ട്, ജലത്തിന്റെ കാര്യത്തിൽ നമ്മൾ സമ്പന്നമാണെന്നാണോ? വേനൽകാലത്ത് കുടിക്കാൻ വെള്ളം കിട്ടാത്ത നാടായി കേരളം മാറിയിരിക്കുന്നു. കേരളത്തെക്കുറിച്ചുള്ള ചെറിയൊരു വിവരണം, രണ്ടുമൂന്നു വാചകങ്ങൾ ഞാൻ പറയട്ടെ, കേരള സംസ്ഥാനത്ത് ആകെയുള്ള 44 നദികളിൽ 41 എണ്ണം പടിഞ്ഞാറോട്ടൊഴുകി ലക്ഷദ്വീപു സമുദ്രത്തിൽ പതിക്കുകയും മൂന്നെണ്ണം കിഴക്കോട്ടൊഴുകി കാവേരി നദിയുടെ പോഷകനദികളായി തീരുകയും ചെയ്യുന്നു. കേരളത്തിലെ 44 നദികളിലേയും ആകെയുള്ള വാർഷിക discharge 78,041 മില്യൺ ക്യൂബിക് മീറ്റർ മാത്രമാണ്. ഗോദാവരിയുടെ വാർഷിക discharge 1,05,000 മില്യൺ ക്യൂബിക് മീറ്റർ ആണ്. അതുമായി താരതമ്യം നടത്തുമ്പോൾ നമ്മുടെ discharge എത്ര കുറവാണെന്നുള്ളത് ബോധ്യമാകും. നമുക്ക് നദികളേയില്ലല്ലോ. നാല് medium rivers മാത്രമേയുള്ളൂ. ബാക്കിയുള്ളവ വെറും നീർചാലുകളോ അല്ലെങ്കിൽ അരുവികളോ മാത്രമാണ്. ഈ discharge നോക്കിയാൽ മാത്രം മതി. അതുപോലെതന്നെ കേരളത്തിലെ നീളം കൂടിയ മൂന്നാമത്തെ നദിയാണ് പമ്പ. അതിന്റെ നീളം 176 കിലോമീറ്ററാണ്, വൃഷ്ടി പ്രദേശം 2235 സ്കയർ

LIBRARY ARCHIVES Kerala Legislative Assembly

കിലോമീറ്ററാണ്. മറ്റൊരു നദിയായ അച്ചൻകോവിലാറിന്റെ നീളം 129 കിലോമീറ്ററാണ്. വൃഷ്ടി പ്രദേശം 1485 സ്കയർ കിലോമീറ്ററാണ്. കോഴിക്കോട് CWRDM-ന്റെ പഠന പ്രകാരം പമ്പാനദിയുടെ വാർഷിക yield 3509 മില്യൻ ക്യൂബിക് മീറ്റർ ആണ്. അച്ചൻ കോവിലാറിന്റെ വാർഷിക yield 1575 മില്യൻ ക്യൂബിക് മീറ്റർ ആണ്. ഇത് രണ്ടുംകൂടി കണക്കാക്കിയാൽ പമ്പ, അച്ചൻകോവിലാർ എന്നീ നദികളിൽ നിന്നും ആകെയുള്ള വാർഷിക yield 5084 മില്യൻ ക്യൂബിക് മീറ്റർ ആണ്. എന്നാൽ എ. ഡി. 2051-മാണ്ട് ആകുമ്പോഴേക്കും പമ്പയിൽനിന്നും 6068 മില്യൻ ക്യൂബിക് മീറ്റർ ജലത്തിന്റേയും അച്ചൻകോവിലാറിൽനിന്നും 1534 മില്യൻ ക്യൂബിക് മീറ്റർ ജലത്തിന്റേയും ആവശ്യം വരുമെന്നാണ് CWRDM-ന്റെ പഠന റിപ്പോർട്ടിൽ പറയുന്നത്. ഇപ്രകാരം പമ്പയിൽനിന്നും 3537 മില്യൻ ക്യൂബിക് മീറ്റർ ജലത്തിനും അച്ചൻകോവിലാറിൽനിന്നും 4509 മില്യൻ ക്യൂബിക് മീറ്റർ ജലത്തിനും ദൗർലഭ്യം അനുഭവപ്പെടുമെന്ന് പഠന റിപ്പോർട്ട് വ്യക്ത മാക്കുന്നുണ്ട്. NWDA-യുടെ പഠനറിപ്പോർട്ടിൽ പമ്പ, അച്ചൻകോവിലാർ നദികളിൽ അധികമായി 3070 മില്യൻ ക്യൂബിക് മീറ്റർ ജലമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിട്ട് അവർ പറയുന്നത് അതിന്റെ 20% അവർക്ക് വേണമെന്നാണ്. ഇതിനകത്തെ അപ്രായോഗികമായ ഒരു സംഗതി എന്നുപറയുന്നത് ഇവരുടെ ഈ പ്രൊപ്പോസൽ അനുസരിച്ച് (ഇതിന്റെ മാപ്പാണ് എന്റെ കയ്യിലിരിക്കുന്നത്.) പമ്പാ നദിയിൽ പുന്നമേട് എന്നുപറയുന്ന സ്ഥലത്ത് ഒരു ഡാം കെട്ടണം. ആ ഡാം കെട്ടിയതിനുശേഷം അതിന്റെ റിസർവോയറിൽ നിന്നും 9 കി. മീറ്റർ ടണൽ അടിച്ച് അച്ചൻകോവിൽ-കല്ലാർ, അവിടെ പണി ചെയ്യുന്ന ആ ഡാമിന്റെ റിസർവോയറിലേക്ക് കൊണ്ടുവരണം. എന്നിട്ട് ഈ അച്ചൻകോവിൽ നദിയിൽ തുറ എന്നുപറയുന്ന സ്ഥലത്ത് ഒരു ഡാം കെട്ടിയിട്ട് ആ റിസർവോയറിൽ നിന്നും വെള്ളം പമ്പുചെയ്ത് അച്ചൻകോവിൽ-കല്ലാർ റിസർവോയറി ലേക്ക് കൊണ്ടുവരണം. എന്നിട്ട് അവിടെനിന്നും 9 കി. മീ. ടണൽ അടിച്ച്, നമ്മുടെ ഭൂമിക്ക് അടിയിൽക്കൂടി ടണൽ അടിച്ച് ഇപ്പുറം കടത്തണം. എന്നിട്ടുവേണം വൈപ്പാർ ബെയ്സിനിൽ വരാൻ. ഇതിനകത്തെ ഏറ്റവും വലിയ ദുരൂഹത ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തട്ടെ. ഈ മുക്കാലി എന്നുപറയുന്ന സ്ഥലം, ഈ ടണൽ അടിച്ചു പണിതുകഴിഞ്ഞാൽ വെള്ളം സംഭരിക്കാൻ കഴിയുന്ന പ്രദേശമാണ് ഹനുമാൻ നദിയിലെ മേക്കര. ഈ മേക്കരയിൽ ഒരു ഡാം കെട്ടിയിട്ടു ഇന്നുവരെ തമിഴ്നാട് സെൻട്രൽ വാട്ടർ കമ്മീഷനെ അറിയിച്ചിട്ടില്ല. യൂണിയൻ ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. പുറമെയുള്ള ഒരു ഏജൻസിയേയും ഔദ്യോഗികമായി അറിയിച്ചിട്ടില്ല. അനൗദ്യോഗികമായി എല്ലാവരും അറിഞ്ഞിട്ടുണ്ട്. നമ്മളൊക്കെ പറയുന്നുണ്ട്. അപ്പോൾ ഇതിനകത്തു ഒരു കള്ളക്കളിയുണ്ട്. ഒരു സംശയവും അക്കാര്യത്തിലില്ല. ഒരു കാര്യം ഈ സഭയിലുള്ള ആളുകൾ മനസ്സിലാക്കണം. ഗ്രാമൺ ഇന്ത്യ എന്നുപറയുന്ന ബോംബെയിലെ ഒരു കമ്പനിക്ക് ടെന്റർ ഒന്നും കൂടാതെയാണ് 100 കോടി രൂപ ഡാം പണിയാൻ വേണ്ടി കൊടുത്തത്. അവർ മൂന്നര വർഷം കൊണ്ടു പണി തീർത്തു. ഇതാണ് അവരുടെ സ്ഥിതി. ഇവിടെ പണമുണ്ടോ? ഇപ്പോൾ മുക്കാലിയുടെ ഇഷ്യൂ ഉണ്ട്. ഒരു വാക്കു കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. അതുകൂടി പറയേണ്ടത് ആവശ്യമാണ്. ഇപ്പോൾ മുക്കാലിയിൽ ഭവാനി പുഴയ്ക്കു കുറുകെ രണ്ടു മീറ്റർ ഉയരം, 60 മീറ്റർ നീളം, പിന്നെ ഒരു overflowing wear-ഉം ഇതൊക്കെ കൂടി 535 കി. മീറ്റർ നീളമുള്ള ഒരു ചാലുമാണ് ആ പദ്ധതിയിൽ വിഭാവനം ചെയ്തത്. അതിനു ഭവാനി പുഴയിൽ നിന്നും വെള്ളമെടുത്ത് മണ്ണാർക്കാട്, ആനമൂഴി, തേൻകര എന്നീ വരൾച്ച ബാധിത പ്രദേശങ്ങൾക്കും 2000 ഏക്കർ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിക്കും 22,000-ൽ അധികം ജനങ്ങൾക്ക് കുടിവെള്ളത്തിനും വേണ്ടി രൂപകല്പന ചെയ്തതാണ്. അതിന്റെ കോസ്റ്റ് 255 ലക്ഷം രൂപയാണ് മതിപ്പ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. ഇതിനെക്കുറിച്ചും നമ്മൾ ആക്ഷേപം പറഞ്ഞു. മുക്കാലിയിൽ വിയർ കെട്ടിയപ്പോൾ ഞാൻ അതിന്റെ consensus ഉണ്ടാക്കാൻ വേണ്ടി എം.എൽ.എ.-മാരുടേയും എം.പി.-മാരുടേയും രാഷ്ട്രീയ പ്രതിനിധികളുടേയും എല്ലാം യോഗം വിളിച്ചുകൂട്ടി, അവിടെ consensus ഉണ്ടായി. അതുകഴിഞ്ഞ് ആരാണ് ഈ മുക്കാലി വിയറിനെ എതിർത്തത്? മുക്കാലിയിൽ വിയർ കെട്ടി അതിന്റെ നടപടികൾ പ്രോഗ്രസ്സ് ചെയ്തുകഴിഞ്ഞപ്പോൾ തമിഴ്നാട്ടിൽനിന്നും ഇവിടെ എത്തിയത് എത്ര പേരാണ്? 13-12-2003-ലാണ് ഫൈനാൻസ് മിനിസ്റ്ററും ആ യോഗത്തിൽ പങ്കെടുത്തു. മുക്കാലിയിൽ ചെറിയൊരു വിയർ കെട്ടിയപ്പോൾ തമിഴ്നാട്ടിൽനിന്നും നാലു മന്ത്രിമാർ അടക്കം വലിയൊരു ഉദ്യോഗസ്ഥ വൃന്ദം Special Aircraft-ൽ കേരളത്തിൽ വന്നു. 1973-ലെ ശിരുവാണി പ്രോജക്ടിന്റെ എഗ്രിമെന്റു പ്രകാരം, 2.5 ടി. എം. സി. വെള്ളം ഭവാനി പുഴയിൽനിന്നും കേരളത്തിന് എടുക്കാമെന്നു എഗ്രിമെന്റിൽ പറഞ്ഞിട്ടുണ്ട്. അതിൽ ഒരു ടി.എം.സി.-യിൽ താഴെ വെള്ളമെടുക്കാൻ വേണ്ടി നമ്മൾ ഒരു തീരുമാനമെടുത്തപ്പോൾ അതിനെതിരെയുള്ള തമിഴ്നാടിന്റെ വികാരം നമ്മൾ ഇവിടെ കണ്ടതാണ്. അതിനു സംഘടിതമായ ഒരു പിന്തുണ നമ്മുടെ നാട്ടിലെ ചിലർ കൊടുത്തു. നമുക്ക് അർഹതപ്പെട്ട വെള്ളമല്ലേ അത്? ഭരണകക്ഷിയും പ്രതിപക്ഷവും പിന്തുണ അവർക്കു കൊടുത്തു. രാഷ്ട്രീയം ഇവിടെ ചർച്ച ചെയ്യാൻ നമ്മൾ ആഗ്രഹിക്കുന്നില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ശിരുവാണി വെള്ളം അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികൾക്കും കുടിയേറ്റക്കാരായിട്ടുള്ള ആളുകൾക്കും വേണ്ടി ഉപയോഗിക്കാൻ ഭവാനി പുഴയിൽക്കൂടി നിങ്ങൾ ആറ് തടയണ കെട്ടും എന്നു പറഞ്ഞു. ഒരു തടയണ എങ്കിലും കെട്ടിയോ? പാവപ്പെട്ട ആദിവാസികൾക്കു വെള്ളം കിട്ടത്തക്ക വിധത്തിൽ നിങ്ങൾ താല്പര്യം എടുക്കാതെയാണ് മുക്കാലി പണിയാൻ ശ്രമിച്ചത്. അതാണ് അവിടുത്തെ ആദിവാസികളും അല്ലാത്തവരുമായ പാവപ്പെട്ടവർക്കുള്ള രോഷം. പ്രതിപക്ഷം എതിർത്തു എന്നുപറയുമ്പോൾ ആ സത്യംകൂടി പറഞ്ഞുകൊണ്ട് വേണം നിങ്ങൾ പറയാൻ. ആദിവാസികൾക്കും അവിടെയുള്ള പ്രവർത്തകർക്കും ഇതിനോട് ശക്തമായ എതിർപ്പുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം പറഞ്ഞ ഭാഗംകൂടി ക്ലിയർ ചെയ്തുകൊണ്ട് ഞാൻ പറയുകയാണ്. സഭയിലാണല്ലോ അദ്ദേഹം ഇതുപറഞ്ഞത്. 20-1-2003-ൽ പാലക്കാട്ടുവച്ച് യോഗംകൂടി. ആ യോഗത്തിൽ ഭരണകക്ഷിയിലേയും പ്രതിപക്ഷത്തിലേയും ആ ജില്ലയിലെ ജില്ലാ നേതാക്കൻമാരേയും അവിടുത്തെ എം.പി.-യേയും (എം.പി., സി.പി.എം.-ന്റെ ആളാണ്) എം.എൽ.എ.-മാരേയും അവിടുത്തെ എം.എൽ.എ. അബ്ദുള്ളയേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും, മറ്റു ജനപ്രതിനിധികളേയും വിളിച്ചുകൂട്ടി. മുക്കാലി വിയർ കെട്ടാൻ ബെയ്സ്മെന്റ് ഉണ്ടാക്കിയ സമയമാണ്, അങ്ങുപറഞ്ഞ ഈ ആശങ്ക അവിടെ ഉയർന്നു വന്നപ്പോൾ ഞാൻ അവിടെ വച്ചു പറഞ്ഞു, നമുക്ക് 6 ചെക്ക് ഡാം കെട്ടാമെന്ന്. അതുപോലെ തന്നെ ഇതിന്റെ ഓപ്പണിംഗിൽ ഷട്ടറുണ്ട്. എപ്പോൾ വേണമെങ്കിലും വെള്ളം റഗുലേറ്റു ചെയ്യാം. ഞാൻ അതിന്റെ അടിസ്ഥാനത്തിൽ ഒരു മിനിട്ട്സ് ഉണ്ടാക്കി, ആ മിനിട്ട്സ് അപ്രൂവ് ചെയ്ത് എല്ലാവർക്കും കൊടുത്തു. ഞങ്ങൾ സ്റ്റെപ്സ് എടുത്തു മുന്നോട്ടു നീങ്ങുമ്പോഴാണ് തമിഴ്നാട്ടിൽ നിന്നുള്ള ആളുകളേയും കൂട്ടി നമ്മുടെ ആളുകൾ

അങ്ങോട്ടുവന്നത്. വന്നവർ ആരുമാകട്ടെ, ഞാൻ തർക്കത്തിനൊന്നുമില്ല. ചർച്ചയ്ക്കകത്തു രാഷ്ട്രീയം ഞാൻ ഉദ്ദേശിക്കുന്നില്ല. ആകെ പ്രശ്നമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതറിയാം, പോലീസിന് എത്ര ദിവസത്തെ തലവേദനയായിരുന്നു. Law and order situation അവിടെയുണ്ടായി. മുക്കാലിയിൽ വിയർ കെട്ടിയപ്പോൾ തമിഴ്നാട്ടിൽനിന്നും വലിയൊരു സംഘം അവിടെ വന്നു. നമുക്കാവശ്യം ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒരു പൊതുവായ സമീപനം സ്വീകരിച്ചുകൊണ്ട് നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാൻ കൂട്ടായ ശ്രമം നടത്തുകയാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റ് 100 ശതമാനവും ആത്മാർത്ഥതയോടുകൂടിയാണ് പറയുന്നത്. ഇതിനകത്തു രാഷ്ട്രീയമില്ല. ഞാൻ സെൻട്രൽ ഗവൺമെന്റിനെ vehement ആയി ഒപ്പോസ് ചെയ്തു സംസാരിക്കാനും ആഗ്രഹിക്കുന്നില്ല. NWDA എന്നുപറയുന്ന, ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി അല്ലാത്ത, ആ ഏജൻസി നിർബന്ധം ചുമത്തിയാൽ കേരളത്തിൽനിന്നും വെള്ളം കൊടുക്കാൻ സാധ്യമല്ല. കേരള സംസ്ഥാനത്തിന്റെ നിലപാട് പമ്പയും അച്ചൻകോവിലാറും സ്റ്റേറ്റു റിവേഴ്സാണ്. ഇവയിൽനിന്നും ഒരു തുള്ളി വെള്ളം പോലും കൊണ്ടുപോകാൻ ഭരണഘടനാപരമായോ നിയമപരമായോ തമിഴ്നാടിന് അവകാശമില്ല. അതിനവർ കൈവയ്ക്കാൻ വന്നാൽ ശക്തമായി നമുക്ക് ഒരുമിച്ചുനിന്നു അതിനെ എതിർക്കാം, കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കേരളത്തെ സംബന്ധിച്ചിടത്തോളം ജീവൽ പ്രധാനമായ ഒരു പ്രശ്നത്തെക്കുറിച്ചാണ് നാം ഇന്നു ചർച്ച ചെയ്യുന്നത്. പഴയ കാലത്തു നമുക്ക് പല വീഴ്ചകളും സംഭവിച്ചിട്ടുണ്ട്. പക്ഷേ ഇനി അതിന്റെ പേരിൽ ഇപ്പോൾ ആരോപണ പ്രത്യാരോപണങ്ങൾ നടത്തി, ഈ ഘട്ടത്തിൽ ഒരുമയോടുകൂടിയുള്ള നമ്മുടെ നീക്കത്തിന് നേരിയ ഒരു തടസ്സം പോലും ഉണ്ടാക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ നിലനില്പിന് ഏറ്റവും അത്യാവശ്യമായ ഒരു പ്രശ്നത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത് എങ്കിൽപ്പോലും അയൽ സംസ്ഥാനങ്ങളുമായിട്ടുള്ള സൗഹാർദ്ദ ബന്ധങ്ങൾക്ക് കോട്ടം ഉണ്ടാകണമെന്ന് നാം ആരും ആഗ്രഹിക്കുന്നില്ല. അയൽ സംസ്ഥാനങ്ങളുമായിട്ടുള്ള സൗഹാർദ്ദം നിലനിർത്തുകയും ബുദ്ധിമുട്ടുകളിൽ പരസ്പരം സഹകരിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടു പോകണമെന്നുതന്നെയാണ് കേരളത്തിലെ ജനങ്ങളുടെയും നമ്മുടെ എല്ലാവരുടേയും ആഗ്രഹം. ആദ്യകാലഘട്ടങ്ങളിൽ നമ്മുടെ നാട്ടിൽ എല്ലാ ആൾക്കാരും ജലപ്രശ്നം വളരെ ലഘുവായി കണ്ടിരുന്നു. ആവശ്യത്തിലേറെ വെള്ളമുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ നദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഒരു ഗൗരവവും കേരളം ഭരിച്ച ആദ്യകാല ഗവൺമെന്റുകൾ ഒന്നും കാണിച്ചില്ല. ഞാൻ അതിന് അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം അവർ അന്നു നോക്കിയപ്പോൾ എവിടെ നോക്കിയാലും ഇഷ്ടം പോലെ വെള്ളമാണ്. അതുകൊണ്ട് മുല്ലപ്പെരിയാറിന്റെ പ്രശ്നത്തിലായാലും പറമ്പിക്കുളം-അലിയാർ പ്രശ്നത്തിലായാലും ശിരുവാണി പ്രശ്നത്തിലായാലും എല്ലാം ഇന്നു നോക്കുമ്പോൾ കുറ്റകരമായ അനാസ്ഥ നാം കഴിഞ്ഞ കാലങ്ങളിൽ കാണിച്ചിട്ടുണ്ട്. കരാറുകളിൽ മാത്രമല്ല, കരാറുകൾ ഇല്ലാതെ നമ്മുടെ നെയ്യാറിൽ നിന്നും ഒരു ചില്ലിക്കാശുപോലും വാങ്ങിക്കാതെ തമിഴ്നാട്ടിനു നമ്മൾ കൃഷിക്കുവേണ്ടി വെള്ളം കൊടുക്കുന്നുണ്ട്. മറ്റു വല്ലവരുമാണെങ്കിൽ ഓരോ തുള്ളി വെള്ളത്തിനും കണക്കു പറഞ്ഞു പണം വാങ്ങിക്കുമായിരുന്നു. നമ്മൾ ഒരു പൈസയും വാങ്ങിക്കാതെയാണ് നെയ്യാറിലെ വെള്ളം കൊടുക്കുന്നത്. അതുപോലെ കാവേരി നദീജലത്തിൽ 20 ശതമാനം വെള്ളം നമ്മൾ കൊടുക്കുന്നതാണ്. ഇന്നുവരെ

LIBRARY ARCHIVES Kerala Legislative Assembly

നമുക്കു ഒരു തുള്ളി വെള്ളം അവിടെ നിന്നും കിട്ടുന്നില്ല. ഇപ്പോൾ നമുക്ക് അവകാശപ്പെട്ട വെള്ളം പോലും കണക്കു പറഞ്ഞു വാങ്ങാൻ കഴിയുന്നില്ലെന്നു മാത്രമല്ല, അയൽപക്കക്കാർ വന്നു ചോദിക്കുമ്പോൾ ഭാവി പ്രത്യാഘാതങ്ങളെക്കുറിച്ചൊന്നും ആലോചിക്കാതെ ഉദാരമായി നമ്മൾ കൊടുത്ത് കൊടുത്ത് അവസാനം കേരളത്തിൽ കുടിവെള്ളം പോലും ഇല്ലാത്ത ഒരു സ്ഥിതി വന്നു. കുടിവെള്ളത്തിനു വില കൊടുക്കേണ്ട സാഹചര്യം വരെ വന്നു. ഇപ്പോൾ വരൾച്ചയുടെ കാലത്തു മാത്രമല്ല മഴക്കാലത്തുപോലും കേരളത്തിലെ പലപ്രദേശങ്ങളിലും വെള്ളം കിട്ടാനില്ല. ഇപ്പോഴാണ് അതിന്റെ ഗൗരവം നാം ശരിക്കും മനസ്സിലാക്കിയത്. അതുകൊണ്ട് ഇന്നു ചർച്ച ചെയ്യുന്ന വിഷയത്തിൽ മാത്രമല്ല അന്തർ സംസ്ഥാന നദീജല പ്രശ്നത്തിലാണെങ്കിലും സംസ്ഥാനത്തിനകത്തെ നദീജല പ്രശ്നത്തിലായാലും ഇനിയങ്ങോട്ടു ഗൗരവബുദ്ധ്യാ നാം പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് എനിക്കു നിങ്ങളോടു അഭ്യർത്ഥിക്കാനുള്ളത്. പമ്പാ അച്ചൻകോവിലാറിന്റെ കാര്യത്തിൽ കേരളത്തിനു രണ്ടഭിപ്രായമില്ല എന്നു കേരളം ഇന്നു പകൽപോലെ വ്യക്തമാക്കികഴിഞ്ഞിരിക്കുന്നു. കുടിവെള്ള ക്ഷാമം കേരളത്തെ തുറിച്ചു നോക്കി കൊണ്ടിരിക്കുകയാണ്. നമുക്ക് കുടിക്കാൻ വെള്ളമില്ലാതെ വരുന്നു. കറന്റ് ഇല്ലാതെ വരുന്നു. കൃഷിക്ക് തടസ്സമുണ്ടാകുന്നു. ആ സാഹചര്യത്തിൽ ആരെല്ലാം എന്തെല്ലാം നിർദ്ദേശങ്ങൾ വച്ചാലും പമ്പയിലേയും അച്ചൻകോവിലാറിലേയും വെള്ളം തിരിച്ചുവിട്ട് കേരളത്തെ ആത്മഹത്യയിലേക്ക് നയിക്കുവാൻ വിവേകമുള്ള ഒരു കേരളീയനും തയ്യാറാകില്ല. ഇവിടെ ഈ കാര്യത്തിൽ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ല. കഴിഞ്ഞ കാലങ്ങളിൽ വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിലും ആ വീഴ്ചകൾ രണ്ടുകൂട്ടരുടേയും പൂർവ്വികൻമാരുടെ കാലത്ത് അറിയാതെ സംഭവിച്ചുപോയ വീഴ്ചയാണ്. രണ്ടുകൂട്ടരും കുറ്റക്കാരാണ്. 1947-ൽ വേണമെങ്കിൽ തിരുത്താമായിരുന്നു. അല്ലെങ്കിൽ 1957-ൽ തിരുത്താമായിരുന്നു. 1970-ലെ കരാർ തിരിഞ്ഞുനോക്കുമ്പോൾ നമുക്ക് നഷ്ടക്കച്ചവടമാണ്. അതെല്ലാം കഴിഞ്ഞ കഥയാണ്. ഇന്ന് നമ്മളെല്ലാം ഒറ്റക്കെട്ടാണ്. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം ഈ പ്രശ്നത്തിലില്ല. കഴിഞ്ഞ കാലങ്ങളിൽ രണ്ടു കൂട്ടരും വീഴ്ച കാണിച്ചിട്ടുണ്ടെങ്കിൽ ഇന്ന് ഭരണകക്ഷിയും പ്രതിപക്ഷവും ഒരുപോലെ ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുന്നുണ്ട്. രാഷ്ട്രീയപരമായി പ്രതിപക്ഷ നേതാവുമായി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ചിലപ്പോൾ അദ്ദേഹത്തിന്റെ കുസൃതിയോട് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഈ കാര്യത്തിൽ അദ്ദേഹം കാണിക്കുന്ന ആത്മാർത്ഥതയെ ഗവൺമെന്റ് അഭിനന്ദിക്കുകയാണ്. ഈ കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവും നമ്മൾ തമ്മിലില്ല. നമുക്ക് യോജിച്ച് ഒറ്റക്കെട്ടായിത്തന്നെ മുന്നോട്ടുപോകാം. അഭിപ്രായവ്യത്യാസമില്ലാതെ ഒരു മനുഷ്യനെപ്പോലെ ഒറ്റക്കെട്ടായി നമ്മുടെ നിലനില്പിനുവേണ്ടി കേരളം നശിക്കാതിരിക്കാൻ വേണ്ടി ഒരുമിച്ച് നിൽക്കാം. അതുകൊണ്ട് ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നും സമ്മർദ്ദം വന്നാലും ആ സമ്മർദ്ദങ്ങളെ നമുക്ക് കൂട്ടായി അതിജീവിക്കാം. പമ്പ-അച്ചൻകോവിലാറിലെ വെള്ളം കേരളത്തിനു മാത്രം അവകാശപ്പെട്ടതാണെന്ന കണക്ക് മാത്രമല്ല ഇനി ഒരുതുള്ളി വെള്ളം കൊടുത്താൽ കേരളം നശിക്കും. കുടിവെള്ളമില്ലാതെ വരും. അതോടൊപ്പംതന്നെ കൃഷിയും നശിക്കും. നമ്മുടെ നാല് ജില്ലകൾ—കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകൾ —ക്രമേണ തരിശുഭൂമിയായിട്ട് മാറും. കുട്ടനാട് നാമാവശേഷമാകും. കേരളത്തിന്റെ പരിസ്ഥിതി തീർത്തും തകരും. അതുകൊണ്ട് നമുക്ക് ഇന്ന് പ്രഖ്യാപിക്കാം. കേന്ദ്രത്തിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ വന്നാലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി കേരളം അനുവദിക്കുന്ന പ്രശ്നമില്ല, സമ്മതിക്കുന്ന പ്രശ്നമില്ല, അതിനെതിരായി

LIBRARY ARCHIVES Kerala Legislative Assembly

നിയമപരമായി എന്തെല്ലാം നടപടി സ്വീകരിക്കാമോ അതിനെല്ലാം വേണ്ടി ഒറ്റക്കെട്ടായി ഒരു മനുഷ്യനെപ്പോലെ കേരളം നിൽക്കുമെന്ന പ്രഖ്യാപനത്തിനു വേണ്ടിയാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. സർവ്വസമ്മതമായി ഈ പ്രമേയം പാസ്സാക്കിയതിനു ശേഷം അതിന്റെ തുടർച്ചയെന്നുള്ള നിലയിൽ ഇതിന്റെ വിജയത്തിനുവേണ്ടിയുള്ള എല്ലാ നീക്കങ്ങളിലും നമുക്ക് ഒരുമിച്ച് നിൽക്കാം. നിങ്ങൾ സഹകരിച്ചതിൽ നന്ദി പറയുകയാണ്.

VII. ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം മൂവ് ചെയ്യാം.

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുകയാണ്.

"പമ്പയിലേയും അച്ചൻകോവിലാറിലേയും വെള്ളം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ചുവിടണമെന്ന ദേശീയ ജലവികസന ഏജൻസിയുടെ നിർദ്ദേശം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദോഷകരമായതിനാലും; പ്രസ്തുത നിർദ്ദേശം തീർത്തും പക്ഷപാതപരമായതിനാലും; ഭരണഘടന പ്രകാരം ജലം സംസ്ഥാന വിഷയമാകയാൽ ഇക്കാര്യത്തിൽ ഇടപെടാനോ പ്രേരണ ചെലുത്താനോ കേന്ദ്രത്തിനോ മറ്റ് ഏജൻസികൾക്കോ അധികാരമില്ലാത്തതിനാലും; പമ്പയും അച്ചൻകോവിലാറും പൂർണ്ണമായും സംസ്ഥാന നദികളായതിനാൽ ഇവയിലെ ജലത്തിന്റെ കാര്യത്തിൽ തീരുമാനം എടുക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ മാത്രം നിക്ഷിപ്തമായതിനാലും പമ്പാനദിയിൽനിന്നും അച്ചൻകോവിലാറിൽനിന്നും വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചു വിടുന്നത് ഇവിടെ രൂക്ഷമായ ജലക്ഷാമവും പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നതിനാലും; പമ്പാനദിയിലും അച്ചൻകോവിലാറിലും ഹൈഡൽ പ്രോജക്ടുകളും ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കേണ്ടതായിട്ടുള്ളതിനാലും; പമ്പാനദിയും അച്ചൻകോവിലാറും സ്രോതസ്സുകളായി ആവിഷ്കരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഇപ്പോൾ തന്നെ ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാലും; കുട്ടനാടിന്റെ സന്തുലിതാവസ്ഥതന്നെ തകിടം മറിക്കുന്നതാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെന്ന് സി.ഡബ്ലിയു.ആർ.ഡി.എമ്മിന്റെ പഠനങ്ങൾ വ്യക്തമാക്കിയിട്ടുള്ളതിനാലും; സംസ്ഥാനത്തിന്റെ പ്രതിഷേധം വകവയ്ക്കാതെ ഈ പദ്ധതിയുമായി ദേശീയ ജലവികസന ഏജൻസി മുന്നോട്ട് പോകുന്ന സാഹചര്യത്തിലും; പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

മി. സ്പീക്കർ: ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly